
കെസിബിസി
മീഡിയ



# വത്തിക്കാൻ തരംഗം

Vol No.35 No.12 December 2025 Rs.5.00


CONGRATULATIONS
TO
KCBC NEW OFFICE BEARERS
Rt. Rev. Dr. Varghese Chakkalakal
President KCBC
Most. Rev. Samuel Mar Irenios
Vice - President KCBC
Archbishop Mar Thomas Tharayil
Secretary General KCBC
POC Secretariat KCBC
കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യാലയം

വത്തിക്കാൻ തരംഗം
VATHICAN THARANGAM

December - 2025
RN. 55 178/94
പുസ്തകം- 35
Monthly
ലക്കം-12

# ഉള്ളടക്കം


- എഡിറ്റോറിയൽ ... 04
- അയൽക്കാർക്കായി ... 07
- നാം പ്രത്യാശയുടെ ... 14
- മനുഷ്യന്റെ അന്തസ്സ് ... 17
- ക്രൈസ്തവ കുടുംബങ്ങൾ ... 22
- ക്രിസ്തു ജീവിക്കുന്നു ... 24
- ആത്മവിശ്വാസത്തിന്റെ ... 28
- ജൂബിലി നിറവിൽ ... 31
- ഓർമ്മ ആദരം ... 33
- ആത്മീയ സപര്യയുടെ ... 35
- വാർത്തയും ചിന്തയും ... 38


*മുഖ്യരക്ഷാധികാരി*
- ബിഷപ്പ് ആന്റണി മാർ സിൽവാനോസ്

*രക്ഷാധികാരികൾ*
- ബിഷപ്പ് മാർ റെമിജിയൂസ് ഇഞ്ചനാനിയിൽ
- ബിഷപ്പ് റൈറ്റ്. റവ. ഡോ. അംബ്രോസ് പുത്തൻവീട്ടിൽ

*ചീഫ് എഡിറ്റർ* • ഫാ. സെബാസ്റ്റ്യൻ മിൽട്ടൺ കളപ്പുരക്കൽ
*എഡിറ്റർ* • ആന്റണി ചടയംമുറി

*പത്രാധിപസമിതി*
- ഫാ. തോമസ് തറയിൽ
- ഡോ. ജേക്കബ്ബ് പ്രസാദ്
- ഡോ. ജോളി കരിമ്പിൽ • ബ്രദർ തോമസ് പോൾ കൊടിയൻ

*ലീഗൽ അഡ്വൈസർ* • അഡ്വ . റെനിൽ ആന്റോ
*ലേ ഔട്ട് & ഡിസൈൻ* • മനു ആന്റണി

Office Address : Vathikan Tharangam Vathikan Radio office, KCBC Media
POC Palarivattom, Kochi 682025. Tel: 0484- 2806227
email :vaticantharangam@gmail.com whatsapp No : 82810 54656

കേരളകത്തോലിക്കാസഭയുടെ പ്രഥമ മൾട്ടി മീഡിയ മാഗസിൻ



# അനുരഞ്ജനവും സമാധാനവും വിശ്വാസതീർത്ഥാടനത്തിന്റെ ലക്ഷ്യമാകണം


**EDITORIAL**



ദൈവം ഒപ്പം നടക്കുന്നുണ്ടെന്ന ചിന്തയാണ് നമ്മുടെ വിശ്വാസത്തിന്റെ അകക്കാമ്പ്. സ്നേഹത്തിന്റെയും അനുരഞ്ജനത്തിന്റെയും സമാധാനത്തിന്റെയും അതിമനോഹരമായ ദൃശ്യങ്ങളിലൂടെ നമ്മുടെ മനസ്സിൽ രൂപപ്പെടുന്ന 'ഇമ്മാനുവൽ ഇഫക്ട്" നമ്മെ തിരുസന്നിധിയുടെ പവിത്രമായ പടവുകളിലേക്ക് നയിക്കുന്നു.

ലോകമാകട്ടെ, ചിലപ്പോൾ ദൈവത്തെ അകറ്റിനിർത്തി, വന്യമായ യാത്രകൾക്കു മുതിരുമ്പോഴെല്ലാം നമ്മുടെ ഉള്ളിൽ നിന്ന് ഒരു തേങ്ങൽ ഉയരണം. തെറ്റുപറ്റുന്നവർക്കായുള്ള പശ്ചാത്താപത്തിന്റെ പാതകൾ ഓരോ വിശ്വാസിയുടെയും മുന്നിൽ അപ്പോൾ തെളിഞ്ഞുവരും.

2025-ലെ 'ഊർബി എത്ത് എന്ന് ഓർബി' സന്ദേശത്തിലും തെയ്സെയിലെ യുവജനസമ്മേളനത്തിനായുള്ള അഭിസംബോധനാ വാക്യങ്ങളിലും 'യേശുവിനോടൊപ്പം' നടക്കുകയെന്ന ഓരോ ക്രൈസ്തവന്റെയും ജീവിത ദൗത്യം ലെയോ പതിനാലാമൻ പാപ്പ അനാവരണം ചെയ്യുകയുണ്ടായി. പാപ്പയായി തെരഞ്ഞെടുക്കപ്പെട്ട ശേഷം, എട്ടു മാസങ്ങൾ കഴിയുമ്പോൾ നൽകിയ നഗരത്തിനും ലോകത്തിനും വേണ്ടിയുള്ള സന്ദേശത്തിൽ ഉദ്ധരിക്കപ്പെട്ടത് ഒരു ഇസ്രായേൽ കവിയുടെ ഈരടികളായിരുന്നുവെന്നത് സ്മരണീയമാണ്. യഹൂദ ആമിച്ചായി (1924–2002) എന്ന കവിയുടെ രചനകൾ തദ്ദേശീയമായ ഹീബ്രു ഭാഷയിൽ രചിക്കപ്പെട്ടവയാണ്. തന്റെ പേരിനോട് ആമിച്ചായി എന്ന




יַעֲקֹב וְהַמַּלְאָךְ

לִפְנוֹת בֹּקֶר נֶאֶנְחָה וְתָפְסָה
אוֹתוֹ כָּךְ, וְנִצְּחָה אוֹתוֹ.
וְתָפַס אוֹתָהּ כָּךְ, וְנִצַּח אוֹתָהּ,
הֵם יָדְעוּ שְׁנֵיהֶם תֹּפֶס
מֵבִיא מָוֶת.
וִּוִתְּרוּ זֶה לָזֶה עַל אֲמִירַת הַשֵּׁם.

אֲבָל בָּאוֹר הָרִאשׁוֹן שֶׁל שַׁחַר
רָאָה אֶת גּוּפָהּ.
שֶׁנִּשְׁאָר לָבָן,
בַּמְּקוֹמוֹת שֶׁבַּבֶּגֶד הַיָּם
אֶתְמוֹל כִּסָּה.

אַחַר כָּךְ קָרְאוּ לָהּ פִּתְאֹם מִלְמַעְלָה,
פַּעֲמַיִם.
כְּמוֹ שֶׁקּוֹרְאִים לְיַלְדָּה מִמִּשְׂחָקָהּ
בֶּחָצֵר.
וְיָדַע אֶת שְׁמָהּ וְנָתַן לָהּ לָלֶכֶת.

പദം (എന്റെ രാജ്യം ജീവിക്കുന്നു) കൂട്ടിച്ചേർക്കപ്പെട്ടതു പോലും ആ കവിയുടെ രചനാ സൗന്ദര്യത്തിന്റെ ഇതൾക്കാഴ്ചകൾ നൽകുന്നു. ഓരോ യുദ്ധവും മനുഷ്യാത്മാവിനെ നിഷ്ക്കരുണം കൊല്ലാക്കൊല ചെയ്യുന്നുവെന്ന് യഹൂദ ആമിച്ചായി വിലപിച്ചതിന്റെ അലയൊലികൾ പാപ്പയുടെ സമാധാനത്തിനായുള്ള ആഹ്വാനത്തിന് നനവേറ്റുകയായിരുന്നു.

അൻപതുവർഷം മുമ്പ് ഫ്രാൻസിലെ പാരീസിൽ ബ്രദർ റോജർ സമാരംഭിച്ച തെയ്സെ പ്രാർത്ഥനാ സമൂഹത്തിനായുള്ള സന്ദേശത്തിന്റെ പാപ്പ ഉദ്ധരിച്ചത് തെയ്സെ പ്രാർത്ഥനാ സമൂഹത്തിന്റെ പ്രിയോർ ബ്രദർ മാത്യുവിന്റെ കത്തിലെ പ്രമേയമായ "എന്താണ് നീ അന്വേഷിക്കുന്നത്?" എന്ന ചോദ്യത്തിനുള്ള ഉത്തര പശ്ചാത്തലമായിരുന്നു. "ക്രിസ്തു നിങ്ങളുടെ അരികിലൂടെ ഒരു സ്നേഹസാന്നിധ്യമായി നടക്കുന്നു" ണ്ടെന്ന ചിന്തയിലേക്ക് ഓരോ യുവതീയുവാക്കളും നയിക്കപ്പെടണമെന്ന് പാപ്പ ഓർമ്മിപ്പിച്ചു.

മുപ്പതോളം രാജ്യങ്ങളിൽ നിന്നുള്ള കത്തോലിക്ക, ആംഗ്ലിക്കൻ, പ്രൊട്ടസ്റ്റന്റ് വിഭാഗങ്ങളിൽ പെട്ട യുവജനങ്ങളാണ് ഡിസംബർ 28 മുതൽ ജനുവരി 1 വരെ നടന്ന തെയ്സെ പ്രയർ മീറ്റിൽ പങ്കെടുത്തത്. ആത്മാർത്ഥമായ ഹൃദയത്തോടെ അന്വേഷിക്കുന്നവർക്ക് തന്നെത്തന്നെ കണ്ടെത്താൻ യേശുനാഥൻ അനുവദിക്കുമെന്ന പ്രത്യാശ പാപ്പ തന്റെ സന്ദേശത്തിൽ പ്രകടിപ്പിക്കുകയുണ്ടായി.

ഓരോ മനുഷ്യ ഹൃദയങ്ങളിലും അരങ്ങേറുന്ന നന്മ-തിന്മ പോരാട്ടങ്ങൾക്കിടയിൽ അവനവനിൽ രൂപപ്പെടേണ്ട ദൈവാശ്രയ ബോധത്തെക്കുറിച്ചുള്ള പാപ്പയുടെ ഓർമ്മപ്പെടുത്തൽ ഓരോ വിശ്വാസിയുടെയും ജീവിത യാത്രകളിൽ പ്രകാശമായി പരിണമിക്കട്ടെ. ❍

**ഫാ. സെബാസ്റ്റ്യൻ മിൽട്ടൺ കളപ്പുരക്കൽ**
ചീഫ് എഡിറ്റർ

# ഈശോ നിങ്ങളെ വിളിക്കുന്നു



19 വയസ് മാത്രം പ്രായമായിരുന്ന ക്ലോഡിൻ ദൈവത്തിന്റെ വിളിക്ക് പ്രത്യുത്തരം നല്കിക്കൊണ്ട് തന്നെത്തന്നെ പൂർണമായും ദൈവ ശുശ്രൂഷയ്ക്കായി സമർപ്പിച്ചു. അവളുടെ മാതൃസഹജമായ ഹൃദയം അനാഥർക്കും യുവതികൾക്കും വിദ്യാഭ്യാസം നൽകുന്നതിനായി തുറന്നു കൊടുക്കുകയും ചെയ്തു. യേശുവിന്റെ നിർമ്മലമായ ഹൃദയത്തിൽ നിന്നും നിർഗളിക്കുന്ന അനന്തമായ സ്നേഹത്തിന്റെ നീർച്ചാലിൽ നിന്നും ഉൾക്കൊണ്ട പ്രചോദനമായിരുന്നു അവളുടെ വിദ്യാഭ്യാസ ശൈലിയുടെ അടിസ്ഥാനം.

# വി. ക്ലോഡിൻ തെവനെ

## ജീസസ് ആന്റ് മേരി സന്യാസസഭാസ്ഥാപിക

### ക്ലോഡിന്റെ ജീവിതലക്ഷ്യം

ക്രിസ്തീയ വിദ്യാഭ്യാസത്തിലൂടെ എല്ലാവരേയും പ്രത്യേകിച്ച് പാവപ്പെട്ടവരെ. ഈശോയേയും മാതാവിനേയും അറിയുവാനും സ്നേഹിക്കുവാനും പഠിപ്പിക്കുക എന്നതായിരുന്നു.



നിങ്ങൾ ഒരു കത്തോലിക്ക യുവതിയാണെങ്കിൽ സഭയ്ക്കും സമൂഹത്തിനും വേണ്ടി സേവനം അനുഷ്ഠിക്കുവാൻ, സ്വയം സമർപ്പിതയാകുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഒരു പ്രാർത്ഥനാജീവിതത്തിന് ഒരു സമ്പൂർണ സാമൂഹിക സേവനത്തിന് ഒരു കൂട്ടായ്മയുടെ ജീവിതത്തിന് കഴിവുണ്ടെങ്കിൽ... വരൂ ഞങ്ങളോടു ചേരൂ...

ജീസസ് ആന്റ് മേരി സന്യാസസഭ

വിദ്യാഭ്യാസ യോഗ്യത : എസ് എസ് എൽ സി യോ ഉപരിവിദ്യാഭ്യാസമോ ഉള്ള ഏവർക്കും.

*വിശദവിവരങ്ങൾക്ക്:*

**Vocation Promoter**
**Convent of Jesus and Mary**
**Bangla Sahib Marg**
**New Delhi 110001**
**Tel : 011 - 237 478 68**
**Mob: 8800574893**

**Sr. Superior**
**Convent of Jesus and Mary**
**Gopalapetta P.O.**
**Chalil , Thalassery - 670 102**
**Kannur Dist., Kerala**
**Ph: 0490 23 22 822**
**Mob: 8527703922**



# അയൽക്കാർക്കായി ഹൃദയം തുറന്നിടാം: ലെയോ മാർപ്പാപ്പ

SPECIAL REPORT



**ബാബു കദളിക്കാട്**

**വത്തിക്കാൻ സിറ്റി:** സാമ്പത്തിക സമാഹരണത്തിലും കർമ്മ ബാഹുല്യത്തിലും ശ്രദ്ധയൂന്നുന്നതിനപ്പുറമായി പ്രത്യാശയുടെയും സ്നേഹത്തിന്റെയും സന്തോഷത്തിന്റെയും ഉറവിടമായ യേശുവിലേക്ക് മടങ്ങുന്നതിലൂടെയാണ് മനുഷ്യന് യഥാർത്ഥ സംതൃപ്തി കണ്ടെത്താനാവുകയെന്ന് ലെയോ പതിനാലാമൻ മാർപ്പാപ്പ. ജീവിത ചക്രവാളം വികസ്വരമാക്കി അയൽക്കാരെ തേടുകയും അവരെ സ്നേഹിക്കുകയും ചെയ്യുന്ന ക്രൈസ്തവ സാക്ഷ്യത്തിന്റെ മഹിമ ഡിസംബർ 17 ന് സെന്റ് പീറ്റേഴ്സ് സ്ക്വയറിലെ പൊതു സദസ്സിൽ പാപ്പാ ചൂണ്ടിക്കാട്ടി. 'നമ്മെ സംതൃപ്തരാക്കുമെന്നുറപ്പില്ലാത്ത നിരവധി പ്രവർത്തനങ്ങളിൽ നാം സദാ മുഴുകിയിരിക്കുന്നു... പല പ്രതിബദ്ധതകളുടെയും ഉത്തരവാദിത്തം നാം ഏറ്റെടുക്കണം, പ്രശ്നങ്ങൾ പരിഹരിക്കണം, ബുദ്ധിമുട്ടുകൾ നേരിടണം. എന്നിരുന്നാലും പലപ്പോഴും കർമ്മ സരണി സംതൃപ്തി നൽകുന്നതിനു പകരം നമ്മെ കീഴടക്കുന്നു, നമ്മുടെ ശാന്തത ഇല്ലാതാക്കുന്നു. യഥാർത്ഥത്തിൽ പ്രധാനപ്പെട്ടവയ്ക്കു മുൻതൂക്കം നൽകി പൂർണ്ണമായി ജീവിക്കുന്നതിൽ നിന്ന് അതു നമ്മെ തടയുന്ന ഒരു ചുഴലിക്കാറ്റായി മാറുന്നത് എങ്ങനെയെന്ന് നാം പലപ്പോഴും മനസ്സിലാക്കുന്നു.' ജീവിതത്തിന്റെ യഥാർത്ഥ മൂല്യം അളക്കുന്നത് ''പ്രവർത്തനങ്ങൾ നിറഞ്ഞ ദിവസങ്ങളെക്കൊണ്ടോ' സാമ്പത്തിക വിജയത്തെക്കൊണ്ടോ അല്ല – പാപ്പാ ഊന്നിപ്പറഞ്ഞു. ' യഥാർത്ഥ നിധിയുടെ സൂക്ഷിപ്പു സ്ഥലം ഹൃദയമാണ്. ഭൂമിയിലെ സേഫുകളും, വലിയ സാമ്പത്തിക



നിക്ഷേപങ്ങളുമല്ല പ്രധാനം. മുമ്പെന്നത്തേക്കാളും നിയന്ത്രണാതീതമായി ദശലക്ഷക്കണക്കിന് മനുഷ്യജീവിതങ്ങളുടെയും ദൈവ സൃഷ്ടിയുടെയും രക്തരൂക്ഷിതമായ നാശത്തിനു നിദാനമായി മാറുന്നു യാഥാർത്ഥത്തിൽ അവ'. ബാഹ്യ വീക്ഷണത്തിൽ, വിജയം വെട്ടിപ്പിടിച്ചതായി തോന്നുന്നവരുടെ കാര്യത്തിൽ പോലും, ജീവിതത്തിന്റെ അർത്ഥശൂന്യതയിലേക്ക് നയിക്കുന്നു. ഇത്തരത്തിലുള്ള ശേഖരണ യുക്തിയെന്ന് ലിയോ പാപ്പാ മുന്നറിയിപ്പ് നൽകി.'ഈ വശങ്ങളെക്കുറിച്ച് ചിന്തിക്കേണ്ടത് പ്രധാനമാണ്. കാരണം നാം നിരന്തരം നേരിടുന്ന നിരവധി പ്രതിബദ്ധതകളിൽ, ചിലപ്പോൾ നിരാശയ്ക്കും ചിതറിക്കിടക്കുന്ന അർത്ഥശൂന്യതയ്ക്കും വർദ്ധിച്ചുവരുന്ന അപകടത്തിനും സാധ്യതയുണ്ട്.' 'നമ്മെ പ്രവർത്തിക്കാൻ പ്രേരിപ്പിക്കുന്ന ഒരു നിരന്തരമായ ചലനം മനുഷ്യജീവിതത്തിന്റെ സവിശേഷതയാണ്. യേശുവിന്റെ പുനരുത്ഥാനം ഈ മനുഷ്യാനുഭവത്തെക്കുറിച്ച് നമുക്ക് ഉൾക്കാഴ്ച നൽകുന്നു. മരണത്തിനെതിരായ ക്രിസ്തുവിന്റെ വിജയത്തിൽ നാം ജീവിതത്തിലൂടെ പങ്കെടുക്കുകയാണ്. അപ്പോൾ നാം വിശ്രമിക്കുമോ? അതേ, നാം വിശ്രമിക്കുമെന്ന് വിശ്വാസം നമ്മോട് പറയുന്നു. നമ്മൾ ഇപ്പോൾ നിഷ്ക്രിയരായിരിക്കില്ല. തുടർന്നു ദൈവത്തിന്റെ വിശ്രമത്തിലേക്ക് പ്രവേശിക്കും, അത് സമാധാനവും സന്തോഷവുമാണ്.' കർമ്മ ബാഹുല്യത്തിന്റെ തിരതള്ളലുണ്ടായിട്ടും പലരും ദിവസാവസാനം ശൂന്യത അനുഭവിക്കുന്നുണ്ടെന്ന് പാപ്പാ ചൂണ്ടിക്കാട്ടി.

## നമുക്ക് ഹൃദയമുണ്ട്

നമ്മൾ യന്ത്രങ്ങളല്ല. നമുക്ക് ഒരു 'ഹൃദയം' ഉണ്ട്. ഹൃദയത്തിന്റെ കേന്ദ്രബിന്ദുവിന് അടിവരയിടാൻ പാപ്പാ വിശുദ്ധ മത്തായിയുടെ സുവിശേഷത്തിലേക്ക് തിരിഞ്ഞു.'നിന്റെ നിധി എവിടെയാണോ അവിടെ നിന്റെ ഹൃദയവും ഉണ്ടാകും' (മത്തായി 6:21) എന്നത് യേശുവിന്റെ വാക്കുകൾ. വിശുദ്ധ അഗസ്റ്റിന്റെ 'കുമ്പസാരങ്ങൾ' പാപ്പാ ഉദ്ധരിച്ചു: 'കർത്താവേ, നീ ഞങ്ങളെ നിനക്കായി സൃഷ്ടിച്ചു, നിന്നിൽ വിശ്രമിക്കുന്നതുവരെ ഞങ്ങളുടെ ഹൃദയങ്ങൾ അസ്വസ്ഥമായിരിക്കും. മനുഷ്യന്റെ പൂർത്തീകരണത്തിനായുള്ള ആഗ്രഹം മനസ്സിലാക്കാൻ വിശുദ്ധ അഗസ്റ്റിൻ നമ്മെ സഹായിക്കുന്നു. 'ഈ ലോകത്തിലെ വസ്തുക്കൾ സ്വന്തമാക്കുകയല്ല ഹൃദയത്തിന്റെ ധർമ്മം. മറിച്ച് ദൈവസ്നേഹത്താൽ പൂർണ്ണമായും നിറയ്ക്കാൻ കഴിയുക എന്നതാകണം യഥാർത്ഥ സമീപനം. വഴിയിൽ കണ്ടുമുട്ടുന്ന അയൽക്കാരനെ സ്നേഹിക്കുന്നതിലൂടെ മാത്രമേ ഈ നിധി കണ്ടെത്താനാകൂ. മാംസരക്തങ്ങളിലുള്ള സഹോദരീസഹോദരന്മാർ, അവരുടെ സാന്നിധ്യത്തിലൂടെ നമ്മുടെ

ഹൃദയത്തെ ഉണർത്തുകയും ചോദ്യം ചെയ്യുകയും ചെയ്യുന്നു. അത് സ്വയം തുറക്കാനും സ്വയം സമർപ്പിക്കാനും വിളിക്കുന്നു.' എന്നാൽ ഒരാളുടെ അയൽക്കാരനെ സ്നേഹിക്കുന്നതിന് പ്രയാണം സ്വയം മന്ദഗതിയിലാക്കേണ്ടിവരും, കണ്ണുകളിലേക്ക് നോക്കേണ്ടിവരും. ചിലപ്പോൾ നമ്മുടെ പദ്ധതികളും ദിശ പോലും മാറ്റേണ്ടിവരാം – ലെയോ പാപ്പാ ചൂണ്ടിക്കാട്ടി. ഇതാണ് മനുഷ്യഹൃദയത്തിന്റെ ചലന രഹസ്യം: തന്റെ അസ്തിത്വത്തിന്റെ ഉറവയിലേക്ക് തിരികെപ്പോവുക, അവസാനമില്ലാത്തതും നിരാശപ്പെടുത്താത്തതുമായ ആനന്ദം അനുഭവിക്കുക. ആപേക്ഷികമായ സാധ്യതകൾക്കും, കടന്നുപോകുന്നവയ്ക്കും അപ്പുറമുള്ള ഒരു അർത്ഥമില്ലാതെ ജീവിക്കാൻ ആർക്കും സാധിക്കില്ല. പ്രത്യാശയില്ലാതെയും, കുറവിനായല്ല പൂർണ്ണതയ്ക്കായാണ് സൃഷ്ടിക്കപ്പെട്ടതെന്ന് തിരിച്ചറിയാതെയും ജീവിക്കാൻ മനുഷ്യഹൃദയത്തിനാകില്ല.

## 'ആയുധങ്ങൾ
## പണിയായുധങ്ങളാകണം'

അക്രമത്തിന്റെയും യുദ്ധത്തിന്റെയും യുക്തി ഉപേക്ഷിച്ച്, സമാധാനം ജീവിക്കുന്ന ഒരു സമൂഹം കെട്ടിപ്പടുക്കാൻ ആഹ്വാനവുമായി ലിയോ പതിനാലാമൻ പാപ്പാ. ആഗോളസമാധാനദിനമായ ജനുവരി ഒന്നാം തീയതിയിലേക്കായി തയ്യാറാക്കി ഡിസംബർ 18 നു പ്രസിദ്ധീകരിച്ച സുദീർഘമായ രേഖയിലൂടെയാണ്, ആയുധരഹിതവും നിരായുധീകരിക്കുന്നതുമായ സമാധാനത്തിലേക്ക് പാപ്പാ മാനവികതയെ ക്ഷണിച്ചത്. ഉത്ഥിതനായ



ക്രിസ്തു തന്റെ ശിഷ്യർക്ക് നൽകുന്ന 'നിങ്ങൾക്ക് സമാധാനം' (യോഹന്നാൻ 20, 19) എന്ന അഭിവാദ്യത്തോടെയാണ് 2026ലെ ആഗോളസമാധാനദിനത്തിലേക്കുള്ള തന്റെ സന്ദേശം പാപ്പാ ആരംഭിച്ചത്. ഉത്ഥിതൻ നൽകുന്ന സമാധാനം, ആയുധരഹിതമായതും നിരായുധീകരിക്കുന്നതുമായ സമാധാനം എന്നീ മൂന്ന് ആശയങ്ങളാണ് സന്ദേശത്തിൽ പാപ്പാ വിശദീകരിക്കുന്നത്. ജനതകളുടെ മധ്യത്തിൽ വിധികർത്താവാ



ഷിച്ചു. സമാധാനത്തിനായുള്ള പരിശ്രമം, അക്രമത്തിന്റെ പാത വെടിഞ്ഞുള്ളതായിരിക്കണം. ഭയത്തിലും ഭീഷണിയിലും ആയുധബലത്തിലും അധിഷ്ഠിതമായ സമാധാന സ്ഥാപനശ്രമങ്ങളെ ആഗോളസമാധാനദിനത്തിലേക്കുള്ള സന്ദേശം തള്ളിക്കളഞ്ഞു. ആയുധരഹിതമായതും, സംഘർഷങ്ങൾ അവസാനിപ്പിക്കാൻ ആഹ്വാനം ചെയ്യുന്നതും, ഹൃദയങ്ങളെ കൂടുതൽ വിശാലമാക്കുന്നതും, മറ്റുള്ളവരിൽ വിശ്വാസവും സഹാനുഭൂതിയും പ്രത്യാശയും പകരുന്നതുമാകണം യഥാർത്ഥ സമാധാനശ്രമം. സമാധാനസ്ഥാപനത്തിനായുള്ള പാപ്പായുടെ ആഹ്വാനം വിശ്വാസികളും അവിശ്വാസികളുമായ ഏവർക്കും, പ്രത്യേകിച്ച് രാഷ്ട്രീയഅധികാര മേഖലകളിൽ പ്രവർത്തിക്കുന്നവർക്കുമുള്ള ഒരു വിളിയും മാതൃകയുമാണെന്ന നിരീക്ഷണം സാമൂഹിക ശാസ്ത്രജ്ഞർ പങ്കുവയ്ക്കുന്നു. പരിശുദ്ധാ


യി വരുന്ന കർത്താവിനെക്കുറിച്ചും, തർക്കങ്ങളും സംഘർഷങ്ങളും ഇല്ലാത്തതും, യുദ്ധത്തിനായുള്ള ആയുധങ്ങൾ പണിയായുധങ്ങളായി മാറ്റുന്ന ഒരു സമയത്തെക്കുറിച്ചും ഏശയ്യാ പ്രവാചകൻ പറയുന്ന (ഏശയ്യ 2, 45) വാക്കുകളോടെയാണ് സന്ദേശം അവസാനിപ്പിക്കുന്നത്. ആധികാരികവും സമൂർത്തവുമായ സമാധാനത്തിനായി പ്രവർത്തിക്കാൻ ആഹ്വാനം ചെയ്യുന്ന പാപ്പാ, ഇത്തരത്തിലുള്ള സമാധാനം സ്നേഹത്തിലും നീതിയിലും അധിഷ്ഠിതമായിരിക്കുമെന്ന് ഓർമ്മി



സിംഹാസനത്തിന്റെ പ്രസ് ഓഫീസിൽ നടന്ന ചടങ്ങിലാണ് സന്ദേശം പ്രസിദ്ധീകരിച്ചത്. സമഗ്ര മാനവികവികസന സേവനത്തിനായുള്ള ഡികാസ്റ്ററി അദ്ധ്യക്ഷൻ കർദ്ദിനാൾ മൈക്കിൾ ചേർണി, പിസ യൂണിവേഴ്സിറ്റിയിലെ തത്വശാസ്ത്ര അദ്ധ്യാപകൻ പ്രൊഫ. തൊമാസൊ ഗ്രെക്കോ, ബോസ്നിയയിൽനിന്നുള്ള ഫാ. പെറോ മിലിചേവിച്, ഇറ്റലിയുടെ പ്രധാനമന്ത്രിയും പ്രശസ്ത രാഷ്ട്രീയപ്രവർത്തകനുമായിരുന്ന ആൽദോ മോറോയുടെ മകൾ മരിയ അഞ്ഞേസെ മോറോ തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു.പോൾ ആറാമൻ പാപ്പാ 1967 ഡിസംബർ 8ന് നൽകിയ ഒരു സന്ദേശത്തിലൂടെ സ്ഥാപിക്കപ്പെട്ട ആഗോളസമാധാനദിനം 1968 ജനുവരി ഒന്നിനാണ് ആദ്യമായി ആചരിക്കപ്പെട്ടത്.

**' പാവങ്ങളെ മറക്കല്ലേ '**

മനുഷ്യരെ കണ്ടുമുട്ടാനുള്ള ദൈവഹിതമാണ് തിരുപ്പിറവിയുടെ ദിനത്തിൽ വെളിവാകുന്നതെന്നും, ശുശ്രൂഷയും അഭയവും തേടുന്ന മനുഷ്യരെയാണ് ഉണ്ണിയേശുവിന്റെ ദുർബലതയിൽ നാം കാണേണ്ടതെന്നും ലെയോ പതിനാലാമൻ പാപ്പാ പറഞ്ഞു. 'നമ്മോടൊപ്പമായിരിക്കാൻ ആഗ്രഹിക്കുന്ന ദൈവം പാവങ്ങളെ മറക്കരുതെന്ന് ഓർമ്മിപ്പിക്കുന്നു.' ക്രിസ്തുമസ് ദിനത്തിൽ വിശുദ്ധ പത്രോസിന്റെ ബസലിക്കയിൽ അർപ്പിച്ച വിശുദ്ധ ബലിമധ്യേ നടത്തിയ പ്രഭാഷണത്തിൽ പാവപ്പെട്ടവരോടും അഭയാർത്ഥികളോടും ഉണ്ടാകേണ്ട കരുതലിന്റെ പ്രാധാന്യം പാപ്പാ എടുത്തുകാട്ടി. ഗാസയിലെ അഭയാർത്ഥി ക്യാമ്പുകളിൽ കഴിയുന്നവരെയും, ഭവനരഹിതരും അഭയാർത്ഥികളുമായ മനുഷ്യരെയും പാവപ്പെട്ടവരെയുമാണ് ഉണ്ണിയേശുവിന്റെ പുൽക്കൂടെന്ന കൂടാരത്തിലെ ദുർബലത ഓർമ്മിപ്പിക്കുന്നതെന്ന് പാപ്പാ പറഞ്ഞു. പുൽക്കൂട്ടിൽ ഉണ്ണിയേശുവിന്റെ ശരീരം, മനുഷ്യരെ കണ്ടുമുട്ടാനുള്ള ദൈവത്തിന്റെ ഹിതമാണ് വിളിച്ചോതുന്നത്. വചനമാകുന്ന ദൈവം നമുക്കിടയിൽ സ്ഥാപിച്ച ദുർബലമായ കൂടാരമാണ് ബെത് ലെഹേമിൽ നാം കാണുന്നത്. ഈ തിരുപ്പിറവിയും അതിനോട് ചേർന്നുള്ള അതുമായി ബന്ധപ്പെട്ട ദുർബലമായ കൂടാരത്തിനും മുന്നിൽ, ആഴ്ചകളായി കടുത്ത തണുപ്പിലും, മഴയിലും കാറ്റിലും ബുദ്ധിമുട്ടനുഭവിക്കുന്ന ഗാസയിലെ കൂടാരങ്ങളെയും അവിടുത്തെ ജനങ്ങളെയും, നമ്മുടെ നഗരങ്ങളിലുള്ള ഭവനരഹിതരായ ആയിരക്കണക്കിന് ആളുകളെയും എങ്ങനെ മറക്കാനാകുമെന്ന് പാപ്പാ ചോദിച്ചു. പാവപ്പെട്ടവരും ദുരിതമനുഭവിക്കുന്നവരുമായ മനുഷ്യർക്കൊപ്പം, ലോകത്തിന്റെ വിവിധയിടങ്ങളിൽ



തുടരുന്ന യുദ്ധങ്ങളിൽ ബുദ്ധിമുട്ടനുഭവിക്കുന്ന മനുഷ്യരെയും, സ്വന്തം താല്പര്യങ്ങൾക്ക് വിരുദ്ധമായി ആയുധങ്ങൾ എടുക്കാൻ നിർബന്ധിതരാകുന്ന ചെറുപ്പക്കാരെയും, യുദ്ധങ്ങളുടെ മുൻനിരയിൽ മരണത്തിന് ഇരകളാകാൻ വിട്ടുകൊടുക്കപ്പെടുന്ന മനുഷ്യരെയും പ്രഭാഷണത്തിൽ അനുസ്മരിച്ച പാപ്പാ സമാധാനമായിരിക്കണം മനുഷ്യർ പിന്തുടരേണ്ട പാതയെന്ന് ഉദ്ബോധിപ്പിച്ചു. സംഘർഷങ്ങളും യുദ്ധങ്ങളുമുൾപ്പെടെയുള്ള പ്രശ്നങ്ങളുടെ പരിഹാരത്തിനും സമാധാനസ്ഥാപനത്തിനും തുറന്ന മനസ്സോടെയുള്ള സംവാദത്തിന്റെ ആവശ്യം എടുത്തുകാട്ടിയ പാപ്പാ, മുട്ടിന്മേൽ നിന്നുകൊണ്ട്, മറ്റുള്ളവരുടെ മാനവികതയെ തിരിച്ചറിയേണ്ടതിന്റെയും മറ്റുള്ളവരെ ശ്രവിക്കേണ്ടതിന്റെയും പ്രാധാന്യം അനുസ്മരിച്ചു. വിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പാ 1994 ഡിസംബർ 25ലെ ക്രിസ്തുമസ് ദിനത്തിൽ വിശുദ്ധ പത്രോസിന്റെ ബസലിക്കയിൽ ബലിയർപ്പിച്ചതിന് ശേഷം മുപ്പത്തിയൊന്ന് വർഷങ്ങൾക്കിപ്പുറമാണ് ഒരു പാപ്പാ തിരുപ്പിറവിയുടെ ദിനത്തിൽ ബസലിക്കയുടെ പ്രധാന അൾത്താരയിൽ ബലിയർപ്പിച്ചത്. 25 ന് ഉച്ചയ്ക്ക് പന്ത്രണ്ടിന് വിശുദ്ധ പത്രോസിന്റെ ബസലിക്കയുടെ മുന്നിലെ മട്ടുപ്പാവിൽനിന്ന് പതിവുള്ള 'ഉർബി എത് ഓർബി' പ്രഭാഷണവും ആശീർവാദവും ലിയോ പതിനാലാമൻ പാപ്പാ നൽകി. ❍

## കേരളത്തിലെ

# ലത്തീൻ കത്തോലിക്ക മെത്രാൻ സമിതിക്ക്

## പുതിയ  നേതൃത്വം



കേരളത്തിലെ ലത്തീൻ കത്തോലിക്ക മെത്രാൻ സമിതിയുടെ അദ്ധ്യക്ഷനായി ആർച്ച്ബിഷപ്പ് ഡോ. വർഗ്ഗീസ് ചക്കാലക്കൽ വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു. കോഴിക്കോട് അതിരൂപത അദ്ധ്യക്ഷനാണ്. കെസിബിസിയുടെയും കെആർഎൽസിസിയുടെയും അദ്ധ്യക്ഷനാണ്. വിജയപുരം രൂപതാ മെത്രാൻ ബിഷപ്പ് ഡോ. സെബാസ്റ്റ്യൻ തെക്കേത്തെച്ചേരിൽ വൈസ് പ്രസിഡണ്ടും തിരുവനന്തപുരം അതിരൂപതാ സഹായ മെത്രാൻ ബിഷപ്പ് ആർ ക്രിസ്തുദാസ് ജനറൽ സെക്രട്ടറിയുമായും തെരഞ്ഞെടുക്കപ്പെട്ടു. [redacted] വരാപ്പുഴ അതിരൂപതാ കാര്യാലയത്തിൽ വച്ചു നടന്ന മെത്രാൻ സമിതി യോഗത്തിൽ വച്ചാണ് ഇവരെ തെരഞ്ഞെടുത്തത്.

ക്രൈസ്തവരുടെ പിന്നാക്കാവസ്ഥ പഠിച്ച് പരിഹരിക്കുന്നതിനായി ജസ്റ്റീസ് ജെ. ബി. കോശി കമ്മീഷൻ സർക്കാരിന് സമർപ്പിച്ചിട്ടുള്ള റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയും നിർദ്ദേശങ്ങൾ മുൻഗണനാ ക്രമത്തിൽ നടപ്പിലാക്കാനും സർക്കാർ തയ്യാറാകണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിനെ കുറിച്ചുള്ള അവലോകനവും ആസന്നമാകുന്ന നിയമസഭ തെരഞ്ഞെടുപ്പിനെ സംബന്ധിച്ച സമുദായത്തിന്റെ നിലപാടുകളും ചർച്ച ചെയ്തു. ഭിന്നശേഷി നിയമനത്തിന്റെ പേരിൽ തടസ്സപ്പെട്ടിട്ടുള്ള അദ്ധ്യാപക നിയമനത്തിലെ തടസ്സങ്ങൾ പരിഹരിക്കുമെന്ന സർക്കാർ നിലപാട് പ്രായോഗികമായി നടപ്പിലാക്കണമെന്നും യോഗം ആവശ്യപ്പെട്ടു.




# നാം പ്രത്യാശയുടെ തീർത്ഥാടകരായി തുടരും : പാപ്പ

SPECIAL REPORT



**ഫാ. തോംസൺ പഴയചിറപീടികയിൽ,** ജർമ്മനി

**വത്തിക്കാൻ സിറ്റി:** കഴിഞ്ഞ ജനുവരിയിൽ ഫ്രാൻസിസ് പാപ്പാ ആരംഭിച്ച്, ശനിയാഴ്ചകളിൽ നടത്തിവന്നിരുന്ന ജൂബിലി കൂടിക്കാഴ്ചാ പരമ്പരയിൽ അവസാനത്തെ കൂടിക്കാഴ്ചാമധ്യേ, പൗലോസ് ശ്ലീഹ റോമക്കാർക്കെഴുതിയ ലേഖനം എട്ടാം അദ്ധ്യായം ഇരുപത്തിരണ്ട് മുതൽ ഇരുപത്തിനാല് വരെയുള്ള വാക്യങ്ങളെ ആധാരമാക്കി, ലെയോ പതിനാലാമൻ പാപ്പാ ഉദ്ബോധനം നടത്തി. 'സമസ്ത സൃഷ്ടികളും ഒന്നുചേർന്ന് ഇതുവരെയും ഈറ്റുനോവനുഭവിക്കുകയും നെടുവീർപ്പിടുകയും ചെയ്യുന്നു എന്ന് നമുക്കറിയാം. സൃഷ്ടി മാത്രമല്ല, ആത്മാവിന്റെ ആദ്യഫലം ലഭിച്ചിരിക്കുന്ന നാമും നമ്മുടെ ശരീരങ്ങളുടെ വീണ്ടെടുപ്പാകുന്ന പുത്രലബ്ധി പ്ര



തീക്ഷിച്ചുകൊണ്ട് ആന്തരി
കമായി വിലപിക്കുന്നു. ഈ
പ്രത്യാശയിലാണ് നാം രക്ഷ
പ്രാപിക്കുന്നത്" എന്ന വചന
വായനയ്ക്കു ശേഷമായിരുന്നു
പ്രഭാഷണം.

പ്രവാചകന്മാർ മുൻകൂട്ടി
കണ്ടിരുന്നതുപോലെ,
യേശുവിൽ ദൈവം കരുണ
യുടെ ഗർഭപാത്രമായിത്തീ
രുന്നുവെന്ന് പാപ്പാ പറഞ്ഞു.
ദൈവത്തിന് കരുണയു
ടെ ഒരു ഉദരമുണ്ടെന്നും,
അതിലൂടെ അവൻ ഇപ്പോഴും
ജന്മമേകിക്കൊണ്ടിരിക്ക
കയാണെന്നുമാണ് ഉണ്ണി
യേശു നമുക്ക് കാണിച്ചുത
രുന്നത്. ദൈവത്തിൽ ഭീഷ
ണിയല്ല ഉള്ളത്, മറിച്ച് ക്ഷമ
യാണ്. ജൂബിലി അതിന്റെ
അവസാനത്തിലേക്കെത്തു
കയാണ്, എന്നാൽ ഈ
വർഷം നമുക്ക് നൽകിയ പ്രത്യാശ അവസാനിക്കുന്നില്ല: നമ്മൾ പ്രത്യാശയുടെ തീർത്ഥാടകരായി തുടരും! വിശുദ്ധ പൗലോസ് പറഞ്ഞത് നാം ശ്രവിച്ചു: 'പ്രത്യാശയിലാണ് നാം രക്ഷ പ്രാപിക്കുന്നത്" (റോമാ. 8, 24). പ്രത്യാശയില്ലെങ്കിൽ നാം മരിച്ചവരാണ്; പ്രത്യാശയുണ്ടെങ്കിൽ നാം പ്രകാശത്തിലേക്ക് എത്തും. പ്രത്യാശ ജന്മമേകുന്നതാണ്. ദൈവികപുണ്യമാണ് പ്രത്യാശ, അതായത്, അത് ദൈവത്തിന്റെ ശക്തിയാണ്, അതുകൊണ്ടുതന്നെ അത് ജന്മമേകുന്നു, കൊല്ലുന്നില്ല, ജനിപ്പിക്കുകയും പുനർജ്ജനിപ്പിക്കുകയും ചെയ്യുന്നു. ഇത് യഥാർത്ഥ ശക്തിയാണ്. ഭീഷണിപ്പെടുത്തുകയും കൊല്ലുകയും ചെയ്യുന്നത് ശക്തിയല്ല, അത് അഹങ്കാരമാണ്, അക്രമാസക്തമായ ഭയമാണ്, ഒന്നും ജനിപ്പിക്കാത്ത തിന്മയാണ്. ദൈവത്തിന്റെ ശക്തി ജനിപ്പിക്കുന്നതാണ്. അതുകൊണ്ട്, ഞാൻ നിങ്ങളോട് അവസാനമായി പറയാൻ ആഗ്രഹിക്കുന്നത് ഇതാണ്: പ്രത്യാശിക്കുക എന്നാൽ ജന്മമേകുക എന്നതാണ്. വിശുദ്ധ പൗലോസ് നമ്മെ ചിന്തിക്കാൻ പ്രേരിപ്പിക്കുന്ന ചില കാര്യങ്ങൾ റോമിലെ ക്രൈസ്തവർക്ക് എഴുതുന്നുണ്ട്: 'സമസ്ത സൃഷ്ടികളും ഒന്നുചേർന്ന് ഇതുവരെയും ഈററുനോവനുഭവിക്കുകയും നെടുവീർപ്പിടുകയും ചെയ്യുന്നു എന്ന് നമുക്കറിയാം' (റോമാ 8, 22). ഇത് ശക്തമായ ഒരു ചിന്തയാണ്. ഭൂമിയുടെയും പാവപ്പെട്ടവരുടെയും നിലവിളി, കേൾക്കാനും പ്രാർത്ഥനയിൽ കൊണ്ടുവരാനും ഇത് നമ്മെ സഹായിക്കുന്നുണ്ട്. 'സമസ്ത' സൃഷ്ടികളും ഒരു നിലവിളിയാണ്. എന്നാൽ പല ശക്തരും ഈ നിലവിളി കേൾക്കുന്നില്ല: ഭൂമിയിലെ സമ്പത്ത് ചുരുക്കം ചില ആളുകളുടെ കൈയ്യിലാണ്, അന്യായമായ രീതിയിൽ അത് അനുദിനം ഭൂമിയുടെയും പാവപ്പെട്ടവരുടെയും നെടുവീർപ്പുകൾ കേൾക്കാൻ പലപ്പോഴും താത്പര്യമില്ലാത്ത ചിലരിലേക്ക് മാത്രമായി ചുരുങ്ങുന്നു.

സൃഷ്ടലോകത്തിന്റെ സമ്പത്തിൽ ഏവരും പങ്കുപറ്റുന്നതിനുവേണ്ടി, ദൈവം അത്



എല്ലാവർക്കുമായാണ് നീക്കിവച്ചത്.യഥാർത്ഥത്തിൽ ഭൂമിയുടെയും പാവപ്പെട്ടവരുടെയും വേദന, പ്രസവവേദനയ്ക്ക് തുല്യമാണ്. ദൈവം എപ്പോഴും ജന്മമേകുന്നു, എപ്പോഴും സൃഷ്ടിക്കുന്നു. നമുക്കും, പ്രത്യാശയിൽ അവനോടുകൂടെ ജനിപ്പിക്കാൻ സാധിക്കും. ചരിത്രം ദൈവത്തിന്റെയും അവനിൽ പ്രത്യാശ വയ്ക്കുന്നവരുടെയും കൈകളിലാണ്. മോഷ്ടിക്കുന്നവർ മാത്രമല്ല ഉള്ളത്, അതിലേറെ വർദ്ധിപ്പിക്കുന്നവരാണുള്ളത്. ക്രൈസ്തവ പ്രാർത്ഥന ആഴത്തിൽ 'മരിയൻ' ആണെങ്കിൽ, അതിന് കാരണം, നസ്രത്തിലെ മറിയത്തിൽ, ജനിപ്പിക്കുന്ന നമ്മിലൊരുവളെയാണ് നാം കാണുന്നത് എന്നതാണ്. ദൈവം അവളെ സന്താനപുഷ്ടിയുള്ളവളാക്കുകയും, ഓരോ മകനും അവന്റെ അമ്മയോട് സാമ്യമുള്ളതുപോലെ, അവളുടെ സ്വഭാവസവിശേഷതകളോടെ നമുക്കരികിലേക്ക് വരികയും ചെയ്തു. അവൾ ദൈവത്തിന്റെയും നമ്മുടെയും അമ്മയാണ്. 'കരുണയുടെ മാതാവേ സ്വസ്തി' എന്ന പ്രാർത്ഥനയിൽ നാം പറയുന്നതുപോലെ 'നമ്മുടെ പ്രത്യാശയാണ്''. അവൾ മകനോട് സാദൃശ്യമുള്ളവളാണ്, മകനാകട്ടെ അവളോട് സാദൃശ്യമുള്ളവനാണ്. നമ്മളാകട്ടെ, ദൈവവചനത്തിന് മുഖവും, ശരീരവും ശബ്ദവും നൽകിയ ഈ അമ്മയോട് സദൃശ്യരാണ്. നമ്മൾ അവളോട് സദൃശ്യരാണ്, കാരണം നമുക്ക് ദൈവവചനത്തിന് ഇവിടെ ജന്മമേകാൻ സാധിക്കും, കേൾക്കുന്ന വിലാപത്തെ ഒരു ജനനമാക്കി മാറ്റാൻ സാധിക്കും. യേശു വീണ്ടും ജനിക്കാൻ ആഗ്രഹിക്കുന്നുണ്ട്: നമുക്ക് അവനൊരു ശരീരവും ശബ്ദവും നൽകാം. ഇതാണ് 'സൃഷ്ടലോകം പ്രതീക്ഷിക്കുന്ന പ്രജനനം. പ്രത്യാശിക്കുകയെന്നാൽ ജനിപ്പിക്കുകയെന്നാണ്. പ്രത്യാശിക്കുകയെന്നാൽ ഈ ലോകം ദൈവത്തിന്റെ ലോകമായി മാറുന്നു എന്ന് ഉറപ്പിക്കുകയാണ്:

ദൈവവും മനുഷ്യരും, സകല സൃഷ്ടികളും വീണ്ടും ഒരുമിച്ച്, ഉദ്യാനനഗരത്തിൽ, പുതിയ ജറുസലേമിൽ ഒരുമിച്ച് നടക്കുന്ന ഒരു ലോകം. നമ്മുടെ പ്രത്യാശയായ മറിയം, വിശ്വാസത്തിന്റെയും പ്രത്യാശയുടേതുമായ നമ്മുടെ ഈ തീർത്ഥാടനത്തിൽ നമ്മെ അനുഗമിക്കട്ടെ എന്ന് പാപ്പാ ആശംസിച്ചു. ❍



# മനുഷ്യന്റെ അന്തസ് മാനിക്കപ്പെടണം

ഫാ. സേവ്യർ പടിയാരംപറമ്പിൽ
ഓസ്ട്രിയ

SPECIAL REPORT



**വത്തിക്കാൻ സിറ്റി:** ഇറ്റലിയിലെ തൊഴിൽമേഖലയിൽ വിദഗ്ധോപദേശങ്ങൾ നൽകുന്നവരുടെ അസോസിയേഷൻ അംഗങ്ങൾക്ക്, അവരുടെ പ്രസ്ഥാനത്തിന്റെ അറുപതാം സ്ഥാപനവർഷികത്തിൽ വത്തിക്കാനിൽ അനുവദിച്ച കൂടിക്കാഴ്ച്ചയിൽ, തൊഴിൽ മേഖലകളിൽ മനുഷ്യാന്തസ്സ് മാനിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കാനും, തൊഴിൽ ദാതാക്കൾക്കും തൊഴിലാളികൾക്കുമിടയിലുള്ള ഇടനിലക്കാർ എന്ന ഉത്തരവാദിത്വം ശരിയായ രീതിയിൽ നിർവ്വഹിക്കാനും, തൊഴിലിടങ്ങളിൽ ഏവരുടെയും സുരക്ഷിതത്വം ഉറപ്പുവരുത്താനും പാപ്പാ ആഹ്വാനം ചെയ്തു.

ഫ്രാൻസിസ് പാപ്പായുടെ വാക്കുകൾ കടമെടുത്തുകൊണ്ട് , തൊഴിൽ മേഖലയിൽ മുടക്കിയിരിക്കുന്ന മുതലിനോ, കച്ചവടനിയമങ്ങൾക്കോ, ലാഭത്തിനോ എന്നതിനേക്കാൾ വ്യക്തികൾക്കും, അവരുടെ കുടുംബങ്ങൾക്കും നന്മയ്ക്കും കൂടുതൽ പ്രാധാന്യം നൽകാൻ ആഹ്വാനം ചെയ്ത പാപ്പാ, അതുവഴി തൊഴിലാളികളുടെ അന്തസ്സ് ഉറപ്പുവരുത്താനും, അവരുടെ ആവശ്യങ്ങളിൽ സഹായമേകാനും സാധിക്കുമെന്ന് ഓർമ്മിപ്പിച്ചു. പുതിയ കുടുംബങ്ങൾ, കൊച്ചുകുട്ടികളുള്ള മാതാപി



താക്കൾ, വയോധികരോ രോഗികളോ ആയ വ്യക്തികൾ ഉള്ള കുടുംബങ്ങൾ തുടങ്ങിയവർക്ക് നൽകേണ്ട പ്രാധാന്യം പാപ്പാ എടുത്തുപറഞ്ഞു. നിർമ്മിതബുദ്ധി പോലെയുള്ള സാങ്കേതികവിദ്യകളുടെ ഇക്കാലത്ത്, മനുഷ്യസാഹോദര്യ സമൂഹമെന്ന നിലയിൽ കമ്പനികൾക്കുള്ള ചുമതലകൾ അവർ ശരിയായി നിർവ്വഹിക്കുന്നുവെന്നത് ഉറപ്പുവരുത്തേണ്ടതുണ്ട്. തൊഴിൽ ദാതാക്കളും, തൊഴിലാളികളും തമ്മിലുള്ള ബന്ധത്തിനിടയിൽ നിൽക്കുന്നവർ എന്ന നിലയിൽ, ഇരുകൂട്ടരുടെയും നന്മയ്ക്കുവേണ്ടി പ്രവർത്തിക്കാനുള്ള അസോസിയേഷന്റെ ഉത്തരവാദിത്തം പാപ്പാ ഓർമ്മിപ്പിച്ചു. ഏതെങ്കിലും ഒരു കൂട്ടർക്കൊപ്പം നിന്ന് അമിതമായ അധികാര ഉപയോഗത്തെയോ, യാഥാർത്ഥ്യബോധത്തിൽനിന്നകന്ന അവകാശവാദങ്ങളെയോ പ്രോത്സാഹിപ്പിക്കരുത്. സ്വന്തം ആവശ്യങ്ങൾ അവതരിപ്പിക്കാനോ, തന്റെ താത്പര്യങ്ങൾ മാനിക്കപ്പെടുന്നത് ഉറപ്പാക്കാനോ കഴിവില്ലാത്ത ആളുകൾക്ക് ഒപ്പം നിൽക്കാനും നീതിയുടെയും കാരുണ്യത്തിന്റെയും മനോഭാവം കാത്തുസൂക്ഷിച്ച് മുന്നോട്ട് പോകാനും പാപ്പാ ആഹ്വാനം ചെയ്തു. തൊഴിൽ മേഖലയിലുണ്ടാകേണ്ട സുരക്ഷയുമായി ബന്ധപ്പെട്ട് സംസാരിക്കവേ, തൊഴിലാളികൾക്ക് സംഭവിച്ചേക്കാവുന്ന അപകടങ്ങളിൽനിന്ന് രക്ഷപ്പെടുന്നതിനും, അവ ഒഴിവാക്കുന്നതിനും വേണ്ട മുൻകരുതൽ ഉറപ്പാക്കാൻ സഹായിക്കുന്ന പരിശീലനത്തിന്റെ ആവശ്യം പാപ്പാ എടുത്തുപറഞ്ഞു. ഇപ്പോഴും പല തൊഴിലിടങ്ങളിലും ആളുകൾ മരിക്കുന്നുണ്ട്. തൊഴിലാളികൾ തങ്ങളുടെ ദിവസത്തിന്റെ ഏറിയ പങ്കും ചിലവിടുന്ന തൊഴിലിടങ്ങൾ മരണത്തിന്റെ ഇടങ്ങളാകരുത്. പ്രതിരോധമാണ് ചികിത്സയേക്കാൾ നല്ലതെന്ന് പാപ്പാ കൂട്ടിച്ചേർത്തു.



**രോഗികൾക്കൊപ്പം**

തന്നെ കാണാനെത്തിയ നൂറോളം രോഗികളെ ഡിസംബർ 17 ന വിശുദ്ധ പത്രോസിന്റെ ചത്വരത്തിൽ പതിവായുള്ള പൊതുകൂടിക്കാഴ്ചയ്ക്ക് മുൻപായി, പോൾ ആറാമൻ ശാലയിൽ വ്യക്തിപരമായി അഭിവാദ്യം ചെയ്തും അവരുമായി കുശലം പറഞ്ഞും ക്രിസ്തുമസ്, അവധിക്കാല ആശംസകൾ നേർന്നും ലെയോ പതിനാലാമൻ പാപ്പാ. രോഗികളെവരെയും ദൈവകരങ്ങളിൽ സമർപ്പിച്ച , ദൈവത്തിന് മാത്രം നൽകാൻ കഴിയുന്ന ഈ സ്നേഹം നിങ്ങളിലുണ്ടാകട്ടെയെന്ന് ആശംസിച്ചു. സാധാരണയായി പാപ്പാമാരുടെ പൊതുകൂടിക്കാഴ്ചാവേളയിൽ രോഗികൾക്കായി വിശുദ്ധ പത്രോസിന്റെ ചത്വരത്തിൽ ഒരു പ്രത്യേക ഇടം ഒരുക്കുകയാണ് പതിവെങ്കിലും, ഇത്തവണ, പാപ്പായുടെ തന്നെ വാക്കുകളിൽ 'വ്യക്തിപരമായ കൂടിക്കാഴ്ചയ്ക്കാണ്" അവസരമൊരുങ്ങിയത്. വിവിധ രോഗങ്ങളാൽ ബുദ്ധിമുട്ടുന്ന ജനത്തിനിടയിലൂടെ നടന്നുനീങ്ങിയ പാപ്പാ ഓരോരുത്തർക്കും ഹസ്തദാനം നൽകുകയും അവരോട് സംസാരിക്കുകയും ചെയ്തു. ഡിസംബർ മാസത്തെ തണുത്ത കാലാവസ്ഥ കൂടി പരിഗണിച്ചാണ്, ഇത്തരമൊരു മാറ്റമെന്ന് പാപ്പാ അവരോട് പറഞ്ഞു. പുറത്ത് മഴയില്ലെങ്കിലും, ഇവിടെ നിങ്ങൾക്ക് കൂടുതൽ സൗകര്യപ്രദമായിരിക്കാൻ സാധിക്കുമെന്ന് ഓർമ്മിപ്പിച്ച പാപ്പാ, പൊതുകൂടിക്കാഴ്ചയിൽ, പോൾ ആറാമൻ ശാലയിലെ വലിയ സ്ക്രീനിലൂടെ പങ്കെടുക്കാമെന്നും, എന്നാൽ ആവശ്യമെങ്കിൽ ചത്വരത്തിലേക്ക് നിങ്ങൾക്ക് വരാമെന്നും രോഗികളോട് പറഞ്ഞു. പോൾ ആറാമൻ ശാലയിലെ കൂടിക്കാഴ്ചയ്ക്ക് ശേഷം പാപ്പാ തുറന്ന വാഹനത്തിൽ വിശുദ്ധ പത്രോസിന്റെ ചത്വരത്തിലേക്കെത്തി പതിവിൽനിന്ന് ഒരല്പം താമസിച്ചാണ് പൊതുകൂടിക്കാഴ്ച ആരംഭിച്ചത്.




## കുട്ടികൾക്ക് ആശംസ

ലോകമെമ്പാടുമുള്ള കുട്ടികൾക്കുവേണ്ടി കുട്ടികളുടെ പ്രാർത്ഥനകൾ അഭ്യർത്ഥിച്ച് ലെയോ പതിനാലാമൻ പാപ്പാ. ഡിസംബർ 21 ഞായറാഴ്ച വിശുദ്ധ പത്രോസിന്റെ ചത്വരത്തിൽ ഒരുമിച്ച് കൂടിയ ആയിരക്കണക്കിന് വിശ്വാസികൾക്കും തീർത്ഥാടകർക്കും സന്ദർശകർക്കുമൊപ്പം മദ്ധ്യാഹ്നപ്രാർത്ഥന നയിച്ച വേളയിലാണ് പാപ്പാ കുട്ടികളെ പ്രത്യേകമായി അഭിസംബോധന ചെയ്യുകയും അവരുടെ പ്രാർത്ഥനകൾ അഭ്യർത്ഥിക്കുകയും ചെയ്തത്.

ക്രിസ്തുമസ് കാലത്ത് പതിവുപോലെ, വീടുകളിലും, സ്കൂളുകളിലും, ഇടവകകളിലെ യുവജനപരിശീലനകേന്ദ്രങ്ങളിലും തയ്യാറാക്കിയിരിക്കുന്ന പുൽക്കൂടുകളിൽ വയ്ക്കാനായുള്ള ഉണ്ണിയേശുവിന്റെ രൂപങ്ങൾ വെഞ്ചരിപ്പിക്കാനായി ആളുകൾ വത്തിക്കാനിൽ എത്തിയ അവസരത്തിലാണ് പുൽക്കൂടിന് മുന്നിൽ തന്റെ നിയോഗങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കാൻ കുട്ടികളോട് പാപ്പാ അഭ്യർത്ഥിച്ചത്. ലോകമെങ്ങുമുള്ള കുട്ടികൾക്ക് സമാധാനത്തോടെ ജീവിക്കാൻ കഴിയുന്നതിനുവേണ്ടി നമുക്കെല്ലാവർക്കും പ്രാർത്ഥിക്കാമെന്നും പാപ്പാ ആഹ്വാനം ചെയ്തു. കുട്ടികൾ, യേശുവിലുള്ള വിശ്വാസവുമായി ബന്ധപ്പെട്ട് കൊണ്ടുവന്ന രൂപങ്ങളും മറ്റെല്ലാ വസ്തുക്കളും പാപ്പാ ആശീർവദിച്ചു. നല്ലൊരു ഞായറാഴ്ചയും, വിശുദ്ധാവും സമാധാനപരവുമായ ഒരു ക്രിസ്തുമസും ആശംസിച്ചുകൊണ്ടാണ് പാപ്പാ പ്രാർത്ഥനാസമ്മേളനം അവസാനിപ്പിച്ചത്. ഉണ്ണിയേശുവിന്റെ രൂപങ്ങൾ ആശീർവ്വദിക്കാനായി കൊണ്ടുവരുന്നതുമായി ബന്ധപ്പെട്ട ഒരുക്കങ്ങൾക്ക് മുൻകൈയെടുത്ത റോമിലെ ഇടവക വിശ്വാസപരിശീലനകേന്ദ്രങ്ങൾക്ക് പാപ്പാ പ്രത്യേകം നന്ദി പറഞ്ഞു. റോമിൽനിന്നുള്ള 1500ലധികം കുട്ടികളും, സ്പെയിനിൽനിന്നും ഹോങ്കോങ്ങിൽനിന്നും ഉള്ള കുട്ടികളും, തീർത്ഥാടകർക്കൊപ്പം വിശുദ്ധ പത്രോസിന്റെ ചത്വരത്തിൽ എത്തിയിരുന്നു.

## സമർപ്പിതർക്കു നന്ദി

സുവിശേഷസാക്ഷ്യം നൽകുന്നത് തുടർന്നും, മറ്റുള്ളവർക്ക് ആശ്വാസം പകർന്നും, പ്രത്യാശയുടെ തീർത്ഥാടകരും മിഷനറി ശിഷ്യകളുമായി സമർപ്പിതജീവിതം തുടരാൻ സന്ന്യസ്തസഹോദരിമാരെ ആഹ്വാനം ചെയ്ത് ലെയോ പതിനാലാമൻ പാപ്പാ. സമർപ്പിത സുപ്പീരിയർ ജനറൽമാരുടെ അന്താരാഷ്ട്ര സംഘടനയുടെ സ്ഥാപനത്തിന്റെ അറുപതാം വാർഷികവുമായി ബന്ധപ്പെട്ട്, ഈ പ്രസ്ഥാന

ത്തിന്റെ പ്രസിഡന്റ് സി. ഊന ഓഷ്യയ്ക്കയച്ച സന്ദേശത്തിലാണ് ഇത്തരമൊരു ആഹ്വാനം പാപ്പാ നൽകിയത്. വിശ്വസ്തതയോടെയും ധൈര്യപൂർവ്വവും ലോകത്തിന്റെ എല്ലാ ഭൂഖണ്ഡങ്ങളിലും രാജ്യങ്ങളിലും തങ്ങളുടെ സേവനങ്ങളും സുവിശേഷസാക്ഷ്യവും നൽകുന്നതിൽ സന്ന്യസ്തസഹോദരിമാർക്ക് പാപ്പാ നന്ദി പറഞ്ഞു. കഴിഞ്ഞ അറുപത് വർഷങ്ങളിൽ സമർപ്പിത സുപ്പീരിയർ ജനറൽമാരുടെ അന്താരാഷ്ട്രസംഘം, വിവിധ സന്ന്യസ്തസഭാസമൂഹങ്ങളുടെ നേതൃത്വങ്ങൾക്കിടയിൽ സംവാദങ്ങൾ പ്രോത്സാഹിപ്പിച്ചും, പരസ്പരം തങ്ങളുടെ സിദ്ധികൾ പങ്കുവച്ചും, സഭയുടെയും ലോകത്തിന്റെയും നന്മയ്ക്കായി ആത്മാവിന്റെ ഫലദാനങ്ങൾ പകർന്നും, അതിന്റെ സ്ഥാപനലക്ഷ്യം നടപ്പിൽ വരുത്തിക്കൊണ്ട് മുന്നോട്ട് പോയെന്ന് പാപ്പാ പ്രസ്താവിച്ചു.

ലോകത്തിന്റെ വിവിധയിടങ്ങളിൽ സന്ന്യസ്ത സഹോദരിമാർ നൽകുന്നത് സുവിശേഷത്തിന്റെ ശക്തമായ സാക്ഷ്യമാണെന്ന് അഭിപ്രായപ്പെട്ട പാപ്പാ, പ്രത്യാശയുടെ ജൂബിലി വർഷത്തിലാണ് ഈ അറുപതാം വാർഷികവുമെന്നത് പ്രത്യേകം അനുസ്മരിച്ചു. ഇത് ഒരു കൃപയാണ്. ലോകത്ത് തീർത്ഥാടകരും, പ്രത്യാശയുടെ മിഷനറി ശിഷ്യകളുമായി മുന്നോട്ടുപോകാൻ സന്ന്യസ്തർക്കുള്ള പ്രത്യേക വിളിയും സമർപ്പണവും പാപ്പാ പ്രത്യേകം എടുത്തുപറഞ്ഞു. തങ്ങളുടെ വിളിയിലും സമർപ്പണത്തിലും ആഴപ്പെട്ടും, പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ടും, വിശ്വാസം പുനഃരാരംഭിക്കാനും, മുറിവുകൾ സൗഖ്യപ്പെടുത്താനും, ദൈവജനത്തെ സഹാനുഭൂതിയോടെയും, സന്തോഷനിർഭരമായ സ്ഥിരോത്സാഹത്തോടെയും അനുധാവനം ചെയ്യാനും പാപ്പാ സന്ന്യസ്തരെ ആഹ്വാനം ചെയ്തു. 1965 ഡിസംബർ 8ന് പോൾ ആറാമൻ പാപ്പായാണ് സമർപ്പിത സുപ്പീരിയർ ജനറൽമാരുടെ അന്താരാഷ്ട്ര സംഘടന സ്ഥാപിച്ചത്. ഈ വാർഷികവുമായി ബന്ധപ്പെട്ട്, 'സമർപ്പിത ജീവിതം, പരിവർത്തനം ചെയ്യുന്ന പ്രത്യാശ' എന്ന പേരിൽ സംഘടന ഒരു രേഖ പുറത്തുവിട്ടിരുന്നു. ലോകത്തുള്ള വിവിധ സന്ന്യസ്തസഭാസമൂഹങ്ങളുടെ വിവരങ്ങളും, വ്യത്യസ്ത സംസ്കാരങ്ങളിലും ഭൂഖണ്ഡങ്ങളിലും സമർപ്പിതജീവിതത്തിന്റെ ഇന്നത്തെ അവസ്ഥയും ഉൾക്കൊള്ളുന്നതാണ് ഈ രേഖ. ❍





# ക്രൈസ്തവ കുടുംബങ്ങൾ സുവിശേഷ മൂല്യങ്ങളുടെ കാവൽക്കാർ: പാപ്പ

**ഫാ. ഡോ. ലോറൻസ് തൈക്കാട്ടിൽ**



തിരുകുടുംബത്തിന്റെ തിരുന്നാളായ 2025 ഡിസംബർ 28 ന് വിശുദ്ധ മത്തായിയുടെ സുവിശേഷത്തിലെ രണ്ടാം അദ്ധ്യായം 13 മുതൽ 15 വരേയും 19 മുതൽ 23 വരേയും ഉള്ള വിശുദ്ധ ഗ്രന്ഥ ഭാഗം വിശദീകരിച്ച്ു കൊണ്ട് പതിനാലാം ലെയോ പാപ്പ ക്രൈസ്തവ കുടുംബങ്ങൾ നന്മയുടേയും സുവിശേഷ മൂല്യങ്ങളുടേയും കാവൽക്കാരാകണമെന്ന് ആഹ്വാനം ചെയ്തു. ഈശോയുടെ ജനനവുമായി ബന്ധപ്പെട്ട് പ്രതിപാദിക്കപ്പെടുന്ന ഈജിപ്തിലേക്കുള്ള തിരുകുടുംബത്തിന്റെ പലായനവും നസ്രേത്തിലേക്കുള്ള തിരികെ വരവും സംബന്ധിച്ച വചന ഭാഗത്തെ കുറിച്ച് വിശദീകരിക്കുമ്പോഴാണ് പാപ്പ ഇപ്രകാരം ആഹ്വാനം ചെയ്തത്. ലെയോ പാപ്പാ പറയുന്നത് ഈജിപ്തിലേക്കുള്ള തിരുകുടുംബത്തിന്റെ പലായനവും നസ്രേത്തിലേക്കുള്ള തിരികെ വരവും പരിശുദ്ധ അമ്മയ്ക്കും വി. യൗസേപ്പിതാവിനും വലിയ പരീക്ഷണത്തിന്റെ നിമിഷങ്ങളായിരുന്നു. ക്രിസ്തുമസ്സിന്റെ പ്രകാശിതമായ ചിത്രത്തിനു മേൽ അപ്രതീക്ഷിതമായി മാരകമായ ഒരു ഭീഷണിയുടെ അസ്വസ്ഥത പരത്തുന്ന നിഴൽ വീഴുകയാണ് ഇവിടെ എന്നാണ് പാപ്പ പ്രബോധിപ്പിക്കുന്നത്.

ഹെറോദേസിന്റെ ജീവിതം പ്രശ്ന സങ്കീർണ്ണമായിരുന്നു എന്ന് ചരിത്രകാരന്മാർ സാക്ഷ്യ

പ്പെടുത്തുന്നുണ്ട്. ക്രൂരനും, രക്തദാഹിയും, തന്റെ മൃഗീയ സ്വഭാവത്താൽ എല്ലാവരാലും ഭയപ്പെടുന്നവനും. അതുകൊണ്ട് തന്നെ വല്ലാതെ ഒറ്റപ്പെട്ടവനും തന്നെ ആരെങ്കിലും അട്ടിമറിക്കുമോ എന്ന് ഭയക്കുന്നവനുമാണ് ഹെറോദേസ്. യഹൂദന്മാർക്ക് രാജാവ് ജനിച്ചു (മത്താ:2:2) എന്ന് ജ്ഞാനികളിൽ നിന്ന് മനസ്സിലാക്കുമ്പോൾ തന്റെ അധികാരത്തിന് നേരെ ഭീഷണിയുയരുന്നു എന്ന തോന്നലിലാണ് ഉണ്ണീശോയുടെ പ്രായം വരുന്ന എല്ലാ കുഞ്ഞുങ്ങളേയും വധിക്കുവാനുള്ള ക്രൂരമായ തീരുമാനമെടുത്ത് ഹെറോദേസ് ഉത്തരവിറക്കിയത്. ഇവിടെ പ്രത്യേകം നാം മനസ്സിലാക്കേണ്ടത് രക്ഷയെ കുറിച്ചുള്ള പുരാതന വാഗ്ദാനങ്ങളുടെ പൂർത്തീകരണമായ ചരിത്രത്തിലെ ഏറ്റവും വലിയ അത്ഭുതം ഹെറോദേസിന്റെ രാജ്യത്ത് പൂർത്തീകരിക്കപ്പെടാൻ വലിയ ഭാഗ്യം ലഭിച്ചുവെങ്കിലും അഹങ്കാരവും അധികാരമോഹവും അസൂയയും ധനമോഹവും ഹേറോദേസിനെ ആ വലിയ ഭാഗ്യത്തിൽ നിന്നും വിമോചിതനാക്കി. പ്രകാശത്തിനു പകരം അന്ധകരമായിരുന്നു അയാൾ. ഇയാളുടെ ഈ അന്ധത നല്ല കാര്യങ്ങൾക്ക് പകരം ക്രൂരതയുടേയും വെറുപ്പിന്റേയും അസൂയയുടേയും നിറവായി മാറുന്നു. നല്ല കാര്യങ്ങളൊന്നും രാജകൊട്ടാരത്തിലെ കവചിത പ്രതിരോധങ്ങളെ മറികടക്കുന്നില്ല എന്നാണ് പാപ്പ പഠിപ്പിക്കുന്നത്. ഹെറോദേസിന്റെ ഹൃദയ കാഠിന്യം തിരുകുടുംബത്തിന്റെ സാന്നിദ്ധ്യത്തിന്റെയും നിയോഗത്തിന്റേയും മൂല്യം കൂട്ടുതലായി അടിവരയിട്ട് കാണിക്കുന്നു. സ്വേച്ഛാധിപതി പ്രതിനിധീകരിക്കപ്പെടുന്ന ഏകാധിപത്യ സ്വഭാവമുള്ള അത്യാഗ്രഹം നിറഞ്ഞ ഒരു ലോകത്ത് ദൈവം പൂർണ്ണമായും സൗജന്യമായും മുൻ വിധികളോ അവകാശ വാദങ്ങളോ ഇല്ലാതെ നൽകുന്ന രക്ഷയ്ക്കുള്ള സാധ്യമായ ഏക ഉത്തരമാണ് പ്രതീക്ഷയുടെ നിറവായ തിരുകുടുംബം.

രക്ഷാകര പ്രാധാന്യത്തിൽ പരിശുദ്ധ അമ്മയേയും ഉണ്ണിയേശുവിനെയും രക്ഷപ്പെടുത്തുന്ന വിശുദ്ധ യൗസേപ്പിതാവ് ദൈവ സ്വരത്തോടുള്ള ദൈവികമായ അനുസരണമാണ് പ്രകടമാക്കുന്നത്. പാപ്പാ പറയുന്നത് കർത്താവ് ഈ ലോകത്തിലെ തന്റെ സാന്നിദ്ധ്യത്തെ തിരുകുടുംബത്തിന്റെ തിരി നാളത്തിലാണ് ഭരമേൽപ്പിക്കുന്നത്. ഇത് വളർന്ന് ലോകം മുഴുവനും പ്രകാശമെത്തിക്കാനായുള്ള ശക്തിയാർജ്ജിക്കുന്നു.

പാപ്പ പഠിപ്പിക്കുന്നത് ഈ വലിയ രഹസ്യത്തെ അത്ഭുതത്തോടും നന്ദിയോടും എളിമയോടും കൂടി വീക്ഷിക്കുമ്പോൾ നമ്മുടെ കുടുംബങ്ങളെ കുറിച്ചും അവയിൽ നിന്നും നാം ജീവിക്കുന്ന സമൂഹത്തിലേക്ക് വരാവുന്ന പ്രകാശത്തെ കുറിച്ചും നാം ചിന്തിക്കണം.

മനുഷ്യരാശിക്ക് വില കൊടുക്കുന്ന ക്രിസ്തീയ അണയ്ക്കാൻ അനുവദിക്കരുത് എന്ന് പാപ്പ ആഹ്വാനം ചെയ്യുന്നു. ലോകത്തിൽ എന്നും സ്നേഹത്തിന്റെ ജ്വാല കെടുത്താൻ ശ്രമിക്കുന്ന ഹെറോദേസുമാർ ഉണ്ടാകും. കുടുംബ പ്രാർത്ഥന, കൂദാശകളുടെ സ്വീകരണം ഏറെ പ്രത്യേകമായി കുമ്പസാരം, വി.കുർബ്ബാന എന്നിവ വഴി, സത്യസന്ധമായ സംവാദങ്ങൾ, വിശ്വസ്തത, ദിനചര്യയിലെ നല്ല വാക്കുകൾ പ്രവർത്തികൾ എന്നീ സുവിശേഷ മൂല്യങ്ങൾ കാത്തു സൂക്ഷിക്കുമ്പോൾ കുടുംബങ്ങൾ പ്രത്യാശയുടെ പ്രകാശവും സ്നേഹത്തിന്റെ പാഠശാലയും ദൈവത്തിന്റെ രക്ഷാ പദ്ധതിയിലെ ഫലപ്രദമായ ഉപകരണങ്ങളായി തീരുന്നു. മനുഷ്യനായി പിറന്ന ദൈവപുത്രന്റ കുടുംബത്തെ മാതൃകയാക്കി പരിശുദ്ധ മറിയത്തിന്റേയും വിശുദ്ധ യൗസേപ്പിതാവിന്റേയും മാദ്ധ്യസ്ഥ്യത്തിൽ ലോകമാകെയുള്ള കുടുംബങ്ങൾ ദൈവ സാന്നിദ്ധ്യത്തിന്റേയും അവന്റെ അക്ഷയ കരുണയുടേയും ജീവ സാക്ഷികളാകാൻ ദൈവാനുഗ്രഹം തേടാനായി പ്രാർത്ഥിക്കാൻ പാപ്പ ആഹ്വാനം ചെയ്യുന്നു. അങ്ങനെ ക്രൈസ്തവ കുടുംബങ്ങൾ സുവിശേഷ മൂല്യങ്ങളുടെ കാവൽക്കാരാകാൻ തയ്യാറാകണം. അതിനായി നമുക്ക് പരിശ്രമിക്കാം. തിരു കുടുംബത്തിന്റെ മാദ്ധ്യസ്ഥ്യം നമുക്കപേക്ഷിക്കാം. ❍

TQRCG



# യുവത്വത്തിന് തണലിടം ഒരുക്കണം നാം

*വത്തിക്കാനിൽ വിശുദ്ധ പത്രോസിന്റെ ബസിലിക്കയുടെ സമീപത്തുള്ള പോൾ ആറാമൻ ശാലയിൽ ഫ്രാൻസീസ് പാപ്പായുടെ പ്രതിവാര പൊതുദർശന പരിപാടിയിൽ സുവിശേഷവത്ക്കരണ തീക്ഷ്ണതയെ അധികരിച്ച് പാപ്പാ നടത്തിയ പ്രബോധനപരമ്പര.*

**ക്രിസ്തു ജീവിക്കുന്നു – ഭാഗം 28**

അവതരണം: **ബ്ര. തോമസ് പോൾ കൊടിയൻ**



പ്രധാന കർമ്മരേഖകൾ

209. രണ്ട് പ്രധാന കർമ്മരേഖകൾ യുവജന ശുശ്രൂഷയിൽ ഉൾപ്പെടുന്നുവെന്ന് വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ആദ്യത്തേത്, എത്തിച്ചേരൽ: കർത്താവിനെ അനുഭവിക്കാൻ പുതിയ യുവജനങ്ങളെ ആകർഷിക്കുവാനുള്ള വഴി. രണ്ടാമത്തേത്, വളർച്ച: ആ അനുഭവം ആർജിച്ചുകഴിഞ്ഞവരെ അതിൽ പക്വതയുള്ളവരാക്കിത്തീർക്കുവാനുള്ള വഴി.

210. എത്തിച്ചേരലിനെ സംബന്ധിച്ച്; ഒന്നിച്ചുവരുവാനുള്ള ആകർഷകമായ വഴികൾ കണ്ടുപിടിക്കുന്നതിലുള്ള യുവാക്കളുടെ കഴിവിൽ ഞാൻ ആശയർപ്പിക്കുന്നു. അതിനുപയുക്തമാകുന്ന പരിപാടികൾ, കായികമത്സരങ്ങൾ, സാമൂഹിക മാധ്യമങ്ങൾ ഉപയോഗിച്ചുള്ള സുവിശേഷവത്കരണം, ടെക്സ്റ്റ് മെസേജുകൾ, പാട്ടുകൾ, വീഡിയോകൾ തുടങ്ങിയവ സംഘടിപ്പിക്കാൻ അവർക്കറിയാം. അവരെ പ്രോത്സാഹിപ്പിക്കുകയും യുവജനങ്ങളുള്ളിടത്ത് എത്തിപ്പെട്ട് സുവിശേഷവത്കരണം നടത്താനുള്ള സ്വാതന്ത്ര്യം നൽകുകയുമേ വേണ്ടൂ. ആദ്യമായി ദൈവിക സന്ദേശം എത്തിക്കുമ്പോൾ, അത് യുവജ

നധ്യാനത്തിൽ ആവാം, അല്ലെങ്കിൽ ചായക്കടയിലെ സംഭാഷണത്തിലാകാം, സ്കൂൾ അവധിക്കാലത്താകാം അല്ലെങ്കിൽ ദൈവത്തിന്റെ അത്ഭുതകരമായ ഏതെങ്കിലും പ്രവർത്തിയിലാകാം. അത് വിശ്വാസത്തിന്റെ ആഴമേറിയ അനുഭവമായി മാറും. ഏറ്റവും പ്രധാനം, ഏതൊരു യുവവ്യക്തിയ്ക്കും മറ്റൊരു യുവവ്യക്തിയുടെ വളക്കൂറുള്ള ഹൃദയഭൂവിൽ സന്ദേശത്തിന്റെ വിത്ത് വിതയ്ക്കാൻ പോന്ന ആർജവമുള്ള ആളാകാൻ കഴിയും എന്നതാണ്.

211. ഈ എത്തിച്ചേരലിനായി എല്ലാറ്റിനുമുപരിയായി നാം ഉപയോഗിക്കേണ്ട സാമീപ്യത്തിന്റെ ഭാഷയാണ്. ഹൃദയസ്പർശിയും വിശാലവും സ്ഥായീ സ്നേഹം സ്ഫുരിക്കുന്നതും ജീവനിൽ ചലനമുളവാക്കുന്നതും പ്രതീക്ഷയും പ്രത്യാശയും ജനിപ്പിക്കുന്നതുമായ ഭാഷ പ്രഭാഷണം വഴിയല്ല, സ്നേഹത്തിന്റെ വ്യാകരണം വഴി യുവജനതയെ സമീപിക്കണം. യുവാക്കൾക്ക് മനസിലാകുന്ന ഭാഷ, അവർക്കുവേണ്ടി, അവരോടൊപ്പമുള്ള ജീവൻ പ്രസരിപ്പിക്കുന്നവർ സംസാരിക്കുന്ന ഭാഷയാണ്. പരിമിതികളും ബലഹീനതകളുമുള്ളപ്പോഴും അവരുടെ വിശ്വാസത്തോട് അന്തസ്സുറ്റവിധം ജീവിക്കാൻ ശ്രമിക്കുന്നവരുടെ ഭാഷ. ഇന്നത്തെ യുവജനങ്ങളുടെ ഭാഷയിൽ സുവിശേഷത്തെക്കുറിച്ച് അറിഞ്ഞിട്ടില്ലാത്തവരുടെ ഇടയിൽ സുവിശേഷം അവതരിപ്പിക്കുന്നതിനുള്ള വഴികളെക്കുറിച്ച് (Kerygma) നാം ആഴത്തിൽ ചിന്തിക്കണം.

212. വളർച്ചയെ സംബന്ധിച്ച വളരെ പ്രധാനപ്പെട്ട ഒരു കാര്യം ഞാൻ സൂചിപ്പിക്കാം. ചിലയിടങ്ങളിൽ ശക്തമായ ഒരു ദൈവാനുഭവമുണ്ടാകുവാൻ, ഈശോയുമായുള്ള ഹൃദയസ്പർശിയായ കണ്ടുമുട്ടൽ ഉണ്ടാകുവാൻ യുവജനങ്ങൾ സഹായിക്കപ്പെടുന്നുണ്ട്. പക്ഷേ പ്രബോധനങ്ങൾ, ധാർമികപഠനങ്ങൾ, ഇന്നത്തെ ലോകതിന്മകൾ, സഭയും സഭയുടെ സാമൂഹിക പ്രബോധനങ്ങൾ, ചാരിത്ര്യം, വിവാഹം, സന്താനനിയന്ത്രണം തുടങ്ങിയ വിഷയങ്ങളിലേക്ക് മാത്രമായി തുടർന്നുള്ള അവരുടെ "രൂപീകരണ യോഗങ്ങൾ" ചുരുങ്ങുന്നു. ഇതിന്റെ ഫലമോ മിക്ക യുവജനതയ്ക്കും ഇത് വിരസമായി അനുഭവപ്പെടുന്നു. ക്രിസ്തുവിനെ അനുഭവിച്ചതിന്റെ അഗ്നിയും അവനെ പിന്തുടരാനുള്ള ആനന്ദവും അവരിൽ കെട്ടുപോകുന്നു. പലരും പാതിവഴിയിൽ വിട്ടകലുന്നു; മറ്റുള്ളവർ തകരുകയും എതിരാവുകയും ചെയ്യുന്നു. ഒരുപാട് പ്രബോധനങ്ങൾ പങ്കുവയ്ക്കാൻ ശ്രമിക്കുന്നതിനു പകരം, ക്രിസ്തീയജീവിതം സ്ഥായിയാക്കാനാവുംവിധം നമുക്കവരിലെ അനുഭവത്തെ ജ്വലിപ്പിച്ച് അരക്കിട്ടുറപ്പിക്കാൻ ശ്രമിക്കാം. റൊമാനോഗ്വാർഡിനിയുടെ വാക്കുകളിൽ: "നാം അഗാധസ്നേഹം അനുഭവിക്കുമ്പോൾ.. ബാക്കിയെല്ലാം അതിലെ അംശങ്ങൾ മാത്രമാകും."

213. യുവജനങ്ങൾക്കുള്ള ഏത് വിദ്യാഭ്യാസ പദ്ധതിയും അല്ലെങ്കിൽ വികസനപാതയും, ക്രിസ്തീയ പ്രബോധനങ്ങളുടെയും ധാർമികതയുടേയും രൂപീകരണത്തിൽ ഊന്നിയാവണം. അതുപോലെ പ്രധാനമാണ് രണ്ട് ലക്ഷ്യങ്ങളും. ആദ്യത്തേത്, കെരിഗ്മയുടെ വികസനം; ക്രിസ്തുവിന്റെ മരണത്തിലൂടെയും ഉത്ഥാനത്തിലൂടെയും പിതാവായ ദൈവത്തെ കണ്ടുമുട്ടിയതിന്റെ അടിസ്ഥാനപരമായ അനുഭവം. രണ്ടാമത്തേത്, സഹോദരസ്നേഹവും സമൂഹജീവിതവും സേവനവും.

214. സുവിശേഷത്തിന്റെ ആനന്ദത്തിൽ ഊന്നിപ്പറഞ്ഞത് ഒരിക്കൽ കൂടി ആവർത്തിക്കുന്നത് ഉചിതമെന്ന് എനിക്കുതോന്നുന്നു. "കെരിഗ്മയിലൂടെ നേടിയ അനുഭവത്തെ ശക്തമാക്കാൻ 'ദൃഢ' മെന്നു കരുതുന്ന രൂപീകരണം വേണമെന്ന ധാരണ വലിയ അബദ്ധമായിരിക്കും. ആദ്യ സുവിശേഷ പ്രഘോഷണത്തെക്കാൾ ദൃഢവും ശക്തവും സുരക്ഷിതവും അർത്ഥവത്തും വിജ്ഞാനപൂരിതവുമായ മറ്റൊന്നില്ല. എല്ലാ ക്രിസ്തീയ രൂപീകരണവും ഉൾക്കൊള്ളുന്നത് കെരിഗ്മയിലേക്ക് കൂടുതൽ ആഴത്തിൽ ഇറങ്ങിച്ചെല്ലലും അത് പൂർണമായി നമ്മുടെ ജീവിതത്തിൽ അവതരിക്കുന്നതിലുമാണ്." ജീവിക്കുന്ന ക്രിസ്തുവിന്റെയും ദൈവസ്നേഹത്തിന്റെയും വ്യക്തിപരമായ അനുഭവം പുതുക്കാനും ആഴ



പ്പെടുത്താനും അവസര മൊരുക്കുന്നതിന്റെയും യുവജനശുശ്രൂഷകളാണ് തുടർന്നുണ്ടാകേണ്ടത്. ഒട്ടേറെ വിധത്തിൽ ഇത് ചെയ്യാം; സാക്ഷ്യങ്ങൾ, ഗാനങ്ങൾ, ആരാധനാ മുഹൂർത്തങ്ങൾ, വിശുദ്ധ ഗ്രന്ഥത്തിന്റെ ആത്മീയ ധ്യാനം, സാമൂഹിക മാധ്യമങ്ങൾ ബുദ്ധിപൂർവം ഉപയോഗിക്കൽ ഇത്യാദിയിലൂടെ. കർത്താവുമായുള്ള ഈ ആനന്ദദായക അനുഭവത്തെ ഒരിക്കലും എന്തെങ്കിലും പ്രബോധനപരമായ ഉപദേശങ്ങളിലൂടെ പകരം വയ്ക്കാൻ ശ്രമിക്കരുത്.

215. സഹോദരീസഹോദരഭാവത്തിൽ സൗഹാർദപരമായി ജീവിക്കാനും അന്യോന്യം സഹായിക്കാനും സമൂഹം കെട്ടിപ്പടുക്കാനും അന്യർക്ക് സേവകരാകാനും ദരിദ്രരോടു ചേർന്നു നിൽക്കാനും മാർഗങ്ങളും വിഭവങ്ങളും ഉൾക്കൊള്ളുന്നതാവണം യുവജന ശുശ്രൂഷയ്ക്കുള്ള ഏത് പദ്ധതിയും. സഹോദരസ്നേഹമാണ് 'പുതിയ കൽപന'യെങ്കിൽ (യോഹ. 13:34), 'നിയമത്തിന്റെ പൂർത്തീകരണമാണ്' (റോമാ 13:10) ദൈവത്തോടുള്ള സ്നേഹപ്രകടനത്തിന് ഉത്തമമായ വഴിയെങ്കിൽ, തീർച്ചയായും എല്ലാ യുവജന ശുശ്രൂഷയുടേയും രൂപീകരണത്തിലും വളർച്ചയിലും അതിന് മുഖ്യസ്ഥാനമുണ്ടാകണം.

അനുയോജ്യമായ സാമൂഹ്യാന്തരീക്ഷം

216. നമ്മുടെ എല്ലാ സ്ഥാപനങ്ങളും യുവജനതയെ സ്വാഗതം ചെയ്യാൻ പര്യാപ്തമാംവിധം സജ്ജമാക്കണം. മിക്കതും നമ്മെ അനാഥമാക്കുന്നുവെന്ന പ്രതീതിയാണ് ജനിപ്പിക്കുന്നത്. ഞാനിവിടെ ഉദ്ദേശിക്കുന്നത് കുടുംബപ്രശ്നങ്ങളല്ല, മറിച്ച് ആൺകുട്ടികളും പെൺകുട്ടികളും മുതിർന്നവരും മാതാപിതാക്കളും കുഞ്ഞുങ്ങളും ഒരുപോലെ അനുഭവിക്കുന്ന കാര്യങ്ങളെപ്പറ്റിയാണ്. ഈ എല്ലാ അനാഥർക്കും – ഒരുപക്ഷേ നമ്മളുൾപ്പെടെ – ഇടവകയോ സ്കൂളോ പോലുള്ള സമൂഹം കൂടുതൽ തുറവും സ്നേഹവും ആത്മവിശ്വാസവും വികാസവും ഉറപ്പാക്കുംവിധം സജ്ജമാക്കണം. മിക്ക യുവാക്കളും അവരുടെ പിതാക്കന്മാരുടേയോ പിതാമഹന്മാരുടെയോ നഷ്ടസ്വപ്നങ്ങളും അനീതി, സാമൂഹിക അതിക്രമം, സ്വാർഥത, മറ്റുള്ളവരോടുള്ള കരുതലില്ലായ്മ എന്നിവയാൽ തകർക്കപ്പെട്ടവരുമാണെന്ന് കരുതി നടക്കുന്നവരുമാണ്. ചുരുക്കത്തിൽ അവർ പിഴുതെറിയപ്പെട്ടവരാണ്. ഈ ചാരക്കൂമ്പാര ലോകത്തിൽ വളർന്നാൽ അവർക്ക് മഹത്തായ സ്വപ്നങ്ങളുടേയും പദ്ധതികളുടേയും അഗ്നിയെ ജ്വലിപ്പിച്ചു നിർത്താനാകില്ല. അർത്ഥശൂന്യമായ വിജനപ്രദേശത്താണ് അവർ വളരുന്നതെങ്കിൽ വിത്ത് വിതയ്ക്കാനുള്ള മോഹം എപ്രകാരം അവരിൽ മുളയെടുക്കും? ഈ തുടർച്ചയില്ലായ്മ, പിഴുതെറിയൽ, അടിസ്ഥാന നിശ്ചയങ്ങളുടെ തകർച്ച – പ്രത്യേകിച്ചും ഇന്നത്തെ മാധ്യമ സംസ്കാരം വളർത്തിയെടുത്തവ – ആഴത്തിൽ അനാഥബോധം വളർത്തുകയാണ്. ജീവിക്കുന്നതിൽ അർത്ഥമുണ്ടെന്ന ബോധം മറ്റുള്ളവരിൽ ജനിപ്പിക്കാനുതകുന്ന സൗഹാർദപരവും ആകർഷകവുമായ പരിസ്ഥിതി ഉണ്ടാക്കിയെടുക്കുക വഴി നാം പ്രതികരിക്കണം.

217. ഒരു 'വീട്' ഉണ്ടാക്കുക എന്നാൽ ഒറ്റവാക്കിൽ 'കുടുംബം' സൃഷ്ടിക്കുക എന്ന

താണ്. "പ്രത്യുപകാരം പ്രതീക്ഷിച്ചും ആവശ്യത്തിനുവേണ്ടിയും മതം ബന്ധമുണ്ടാക്കുന്നതിലുപരി, നമ്മുടെ ജീവിതം അല്പംകൂടി മാനുഷികം എന്ന ബോധത്തിൽ അന്യരോടു ബന്ധമുണ്ടാക്കാൻ പഠിക്കലാണ്. ഒരു ഭവനമുണ്ടാക്കലെന്നാൽ വചനം മാംസം ധരിക്കലാണ്. നമ്മുടെ ദിവസങ്ങളും ദിനങ്ങളും ഇത്തിരികൂടി നനുത്ത, വേറിട്ട, അറിയപ്പെടാത്ത ഒന്നാകൽ. ആർക്കും ചെയ്യാവുന്ന കൊച്ചുകാര്യങ്ങൾ കൊണ്ടുമാത്രം കെട്ടിയുയർത്തുന്ന ബന്ധം. ഒരു വീട്, നമുക്കെല്ലാം അറിയുംപോലെ എല്ലാവരും കൂട്ടായി യത്നിക്കുന്ന ഇടമാണ്. ആർക്കും അശ്രദ്ധരായോ ഒഴിഞ്ഞുമാറിയോ നിൽക്കാനാവാത്തിടം. കാരണം കെട്ടിപ്പൊക്കുന്ന ഓരോ കല്ലും നിർണായകമാണ്. ക്ഷമാശീലരാകാൻ, പരസ്പരം പൊറുക്കാൻ, ഓരോ ദിവസവും തുടങ്ങാൻ നമ്മെ കൃപാപൂർവം പഠിപ്പിക്കാൻ കർത്താവിനോടു യാചിക്കുന്നതും ഇതിൽ ഉൾപ്പെടും. എത്ര വട്ടം ഞാൻ പൊറുക്കുകയും വീണ്ടും തുടങ്ങുകയും വേണം? ഏഴ് എഴുപതുവട്ടം, ആവശ്യമാകുന്ന അത്രയും വട്ടം. എന്നുമെന്നും ക്ഷമിച്ചും പൊറുത്തും മാത്രമേ ആഴമേറിയ ബന്ധങ്ങൾ വളർത്തിയെടുക്കാനാകൂ. ആത്മവിശ്വാസവും അന്യരിൽ വിശ്വാസമർപ്പിക്കാനുള്ള കഴിവും ആർജിക്കാനാവൂ. അങ്ങനെയാണ് അത്ഭുതങ്ങൾ സംഭവിക്കുന്നത്. നാമിവിടെ പുനർജീവിച്ചിരിക്കയാണെന്നു നമുക്കു തോന്നുന്നു. ദൈവത്തിന്റെ കരുതൽ മൂലം കൂടുതൽ മനുഷ്യത്വമുള്ള, കൂടുതൽ വിശുദ്ധമായ ഒരു ലോകം സ്വപ്നം കാണാൻ നമുക്കാവുന്നു."

218. ഇതനുസരിച്ച് നമ്മുടെ സ്ഥാപനങ്ങൾ യുവജനങ്ങൾക്ക് അവരുടേതായി ഉപയോഗിക്കാൻ കഴിയുന്ന ഇടങ്ങൾ നൽകണം. സ്വന്തമായി വന്നുപോകാവുന്ന ഒരു ഇടം. വിഷമത്തിന്റെയും മോഹഭംഗത്തിന്റെയും അഥവാ സന്തോഷത്തിന്റെയും ആഘോഷത്തിന്റെയും കാലങ്ങളിൽ സ്വാഗതം ചെയ്യപ്പെടുന്നുവെന്നും മറ്റു യുവജനങ്ങളുമായി ഇടപഴകാൻ ആകുന്നുവെന്നും അവർക്കു തോന്നുന്ന ഇടം. ഇത്തരം ചിലതൊക്കെ പള്ളിവക കേന്ദ്രങ്ങളിലും യുവജന കേന്ദ്രങ്ങളിലും ഇപ്പോൾത്തന്നെയുണ്ട്. സൗഹാർദപരവും ആശ്വാസകരവുമായ അന്തരീക്ഷത്തിൽ സുഹൃദ്ബന്ധങ്ങൾ വളർത്തിയെടുക്കാവുന്ന യുവതികൾക്കും യുവാക്കൾക്കും അന്യോന്യം ബന്ധപ്പെടാൻ കഴിയാവുന്ന, അന്യോന്യം സംഗീതത്തിലും കളികളിലും ധ്യാനത്തിലും പ്രാർത്ഥനയിലും മുഴുകാൻ കഴിയുന്ന ഇടം. വലിയ പണച്ചെലവില്ലാതെ ഈ ഇടങ്ങളിൽ ഒരുപാട് കാര്യങ്ങൾ സംഘടിപ്പിക്കാനാവും. ഓരോരുത്തരും തമ്മിലെ വ്യക്തിബന്ധത്തിലൂടെ ഇവിടെ സന്ദേശകൈമാറ്റം സാധ്യമാണ്; മറ്റൊരു അജപാലന ദൗത്യത്തിനോ തന്ത്രത്തിനോ ഇങ്ങനെയൊരു സാധ്യതയില്ല താനും.

219. "മിക്കപ്പോഴും സംഘടിതമോ അല്ലാത്തതോ ആയ സംഘങ്ങളിലൂടെയുള്ള സുഹൃദ്ബന്ധവും ചർച്ചയും സാമൂഹികവും പരസ്പരബന്ധത്തിനുതകുന്നതുമായ കഴിവുകൾ വളർത്തിയെടുക്കാൻ അവസരമൊരുക്കുന്നു. ഒരാൾ ഇവിടെ വിലയിരുത്തപ്പെടുകയോ വിധിക്കപ്പെടുകയോ ചെയ്യുന്നില്ല. വിശ്വാസം പങ്കുവയ്ക്കാനും സാക്ഷ്യം വഹിക്കുന്നതിൽ പരസ്പരം സഹായിക്കാനും ഇത്തരം സംഘ അനുഭവങ്ങൾ വലിയ മുതൽക്കൂട്ടാണ്. യുവജനതയ്ക്ക് മറ്റു ചെറുപ്പക്കാരെ നയിക്കാനാവുന്നു. അതുപോലെ കൂട്ടുകാർക്കിടയിൽ യഥാർഥമായ അപ്പസ്തോലിക പ്രവൃത്തി ചെയ്യാനാവുന്നു."

220. ഇതിനർഥം അവർ ഇടവക സമൂഹവുമായും പ്രസ്ഥാനങ്ങളുമായും മറ്റ് അജപാലന സ്ഥാപനങ്ങളുമായുള്ള ബന്ധങ്ങൾ ഉപേക്ഷിച്ച് ഒറ്റപ്പെട്ടവരാകുമെന്നല്ല. അവർ തുറവുള്ള, വിശ്വാസജീവിതം നയിക്കുന്ന, ക്രിസ്തുവിനെ പ്രതിഫലിപ്പിക്കുന്ന, സന്തോഷാധിക്യമുള്ള, സ്വതന്ത്രരും സൗഹാർദശീലരും പ്രതിജ്ഞാബദ്ധരുമായ സമൂഹമായി ഉയരുകയാണ്. അമൂല്യമായ ബന്ധങ്ങൾ വികസിപ്പിച്ചെടുക്കുന്ന ഇടങ്ങളാണ് ഈ കൂട്ടായ്മകളെന്ന് അവർ അനുഭവിച്ചറിയുന്നു. ❍



# ആത്മവിശ്വാസത്തിന്റെ പ്രകാശ പൂർണ്ണിമയിൽ ദൈവത്തോടൊപ്പം

SPECIAL REPORT



ഡോ. എഡ്‌വേർഡ് എടേഴത്ത്
യു. എസ്. എ.

**വത്തിക്കാൻ സിറ്റി:** നീതി എല്ലായ്പ്പോഴും പാപപരിഹാരത്തിന്റെയും, അനുരഞ്ജനത്തിന്റെയും പ്രക്രിയയാണെന്ന് ലിയോ പതിനാലാമൻ മാർപാപ്പ. തടവുകാരുടെ ജൂബിലി ആഘോഷവേളയിൽ, വത്തിക്കാനിലെ വിശുദ്ധ പത്രോസിന്റെ ബസിലിക്കയിൽ വിശുദ്ധ ബലിയർപ്പിച്ച വചന സന്ദേശം നൽകവേയാണ് പാപ്പ ഇക്കാര്യം ഓർമ്മിപ്പിച്ചത്.'ആരും നഷ്ടപ്പെടാതിരിക്കട്ടെ, എല്ലാവരും രക്ഷിക്കപ്പെടട്ടെ! ഇതാണ് നമ്മുടെ ദൈവം ആഗ്രഹിക്കുന്നത്. ഇതാണ് അവിടുത്തെ രാജ്യം, ഇതാണ് ലോകത്തിലെ അവന്റെ പ്രവർത്തനത്തിന്റെ ലക്ഷ്യം.'

തടവുകാർക്കും, തടവറ യാഥാർഥ്യത്തെ പരിപാലിക്കുന്ന എല്ലാവർക്കും വേണ്ടിയുള്ള പ്രത്യാശയുടെ ജൂബിലി ആഘോഷിക്കുന്ന, ആഗമനകാലത്തെ മൂന്നാം ഞായറാഴ്ച, ഏറെ അർത്ഥവത്തായ, ആരാധന ക്രമത്തിൽ 'സന്തോഷത്തിന്റെ ഞായറാഴ്ച' യിലാണ് നാം. ഇത് കാത്തിരിപ്പിന്റെ തിളക്കമാർന്ന മാനത്തെക്കുറിച്ച് നമ്മെ ഓർമ്മിപ്പിക്കുന്നു: മനോഹരമായതും, സന്തോഷകരമായതുമായ എന്തെ


ങ്കിലും സംഭവിക്കുമെന്ന ആത്മവിശ്വാസം ഇത് നമുക്ക് നൽകുന്നുവെന്നും പാപ്പാ പറഞ്ഞു. കഴിഞ്ഞ വർഷം ഡിസംബർ 26 ന് ഫ്രാൻസിസ് പാപ്പാ റെബിബിയ ജയിലിലെ, സ്വർഗ്ഗപിതാവിന്റെ ദേവാലയത്തിൽ വിശുദ്ധ വാതിൽ തുറന്നു കൊണ്ട് പറഞ്ഞ രണ്ടു കാര്യങ്ങൾ ഇവയാണ്: പ്രത്യാശയുടെ നങ്കൂരത്തോടെയുള്ളതാണ് നിങ്ങളുടെ കൈയിലെ ചരട്. ഹൃദയത്തിന്റെ വാതിലുകൾ വിശാലമായി തുറക്കുക. സ്ഥലത്തിന്റെയും കാലത്തിന്റെയും എല്ലാ തടസ്സങ്ങൾക്കപ്പുറം, നിത്യതയിലേക്ക് വിക്ഷേപിച്ച ഒരു നങ്കൂരത്തിന്റെ പ്രതിച്ഛായയെ പരാമർശിച്ചുകൊണ്ട് നമ്മെ കാത്തിരിക്കുന്ന ജീവിതത്തിൽ വിശ്വാസം സജീവമായി നിലനിർത്താനും മെച്ചപ്പെട്ട ഭാവിയുടെ സാധ്യതയിൽ എപ്പോഴും വിശ്വസിക്കാനും അദ്ദേഹം നമ്മെ ക്ഷണിച്ചു. എന്നിരുന്നാലും, അതേ സമയം, ഉദാരഹൃദയത്തോടെ, നാം ജീവിക്കുന്ന ചുറ്റുപാടുകളിൽ നീതിയുടെയും, ജീവകാരുണ്യത്തിന്റെയും പ്രവർത്തകരായിരിക്കാൻ അദ്ദേഹം നമ്മെ ഉദ്ബോധിപ്പിച്ചു. ജൂബിലി വർഷത്തിന്റെ അവസാനം അടുക്കുമ്പോൾ, പലരുടെയും ശ്രമങ്ങൾക്കിടയിലും കാരാഗൃഹ ലോകത്ത് ഈ ദിശയിൽ ഇനിയും ഒരുപാട് കാര്യങ്ങൾ ചെയ്യാനുണ്ടെന്ന് നാം തിരിച്ചറിയണം. നാം കേട്ട ഏശയ്യാ പ്രവാചകന്റെ വാക്കുകൾ: 'കർത്താവിന്റെ വീണ്ടെടുക്കപ്പെട്ടവർ തിരിച്ചുവരുകയും ഗാനാലാപത്തോടെ സീയോനിൽ പ്രവേശിക്കുകയും ചെയ്യും.' (ഏശ 35:10) വീണ്ടെടുക്കുന്നവൻ ദൈവമാണെന്ന് ഈ വചനം നമ്മെ ഓർമ്മിപ്പിക്കുന്നു. അത് നമ്മെ സ്വതന്ത്രമാക്കുന്നു. അത് നമുക്കെല്ലാവർക്കും പ്രധാനപ്പെട്ടതും, വെല്ലുവിളി നിറഞ്ഞതുമായ ഒരു ദൗത്യമായി തോന്നുന്നു. തീർച്ചയായും, തടവറ പ്രയാസകരമായ ഒരു അന്തരീക്ഷമാണ്. മികച്ച ഉദ്ദേശ്യങ്ങൾക്കു പോലും അവിടെ നിരവധി തടസ്സങ്ങൾ നേരിടുന്നു. എന്നിരുന്നാലും കൃത്യമായി ഇക്കാരണത്താൽ, നാം ക്ഷീണിതരാകുകയോ, നിരുത്സാഹപ്പെടുകയോ, പിന്നോട്ട് പോകുകയോ ചെയ്യരുത്. മറിച്ച് ദൃഢതയോടും, ധൈര്യത്തോടും, സഹകരണ മനോഭാവത്തോടും കൂടി മുന്നോട്ട് പോകണം. വാസ്തവത്തിൽ, ഓരോ വീഴ്ചയിൽ നിന്നും ഒരാൾക്ക് എഴുന്നേൽക്കാൻ കഴിയണമെന്നും, ഒരു മനുഷ്യനും താൻ ചെയ്തതുമായി പൊരുത്തപ്പെടുന്നില്ലെന്നും, നീതി എല്ലായ്പ്പോഴും പാപപരിഹാരത്തിന്റെയും, അനുരഞ്ജനത്തിന്റെയും പ്രക്രിയയാണെന്നും ഇപ്പോഴും മനസ്സിലാക്കുന്നില്ല. എന്നിരുന്നാലും, വികാരങ്ങളുടെ സൗന്ദര്യം, സംവേദനക്ഷമത, മറ്റുള്ളവരുടെ ആവശ്യങ്ങളോടുള്ള ശ്രദ്ധ, ബഹുമാനം, കരുണ, ക്ഷമിക്കാനുള്ള കഴിവ് എന്നിവ പ്രയാസകരമായ സാഹചര്യങ്ങളിൽ പോലും സംരക്ഷിക്കപ്പെടുമ്പോൾ, കഷ്ടപ്പാടുകളുടെയും പാപത്തിന്റെയും കഠിനമായ നിലത്ത് നിന്ന് അത്ഭുതകരമായ പൂക്കൾ വിരിയുന്നു. ജയിലുകളുടെ മതിലുകൾക്കുള്ളിൽ പോലും അവരുടെ മാനവികതയിൽ അതുല്യമായ പ്രവർത്തനങ്ങൾ , പദ്ധതികൾ, കണ്ടുമുട്ടലുകൾ എന്നിവ പക്വത പ്രാപിക്കുന്നു. സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ട ആളുകൾക്ക്, പ്രത്യേകിച്ച് തങ്ങളോടൊപ്പം ന്യായവും നീതിയും പ്രതിനിധീകരിക്കാനുള്ളവർക്ക് ആവശ്യമായ സ്വന്തം വികാരങ്ങളിലും ചിന്തകളിലും പ്രവർത്തിക്കുവാനുള്ള ഇടമാണിത്. ജൂബിലി മാനസാന്തരത്തിലേക്കുള്ള ഒരു ആഹ്വാനമാണ്, ഈ രീതിയിൽ ഇത് പ്രത്യാശയ്ക്കും സന്തോഷത്തിനും കാരണമാണ്. ഇക്കാരണത്താൽ, ആദ്യം യേശുവിലേക്ക്, അവന്റെ മാനവികതയിലേക്ക്, അവന്റെ രാജ്യത്തിലേക്ക്, നാം നോക്കണം. കാരണം അവിടെ, 'അന്ധർക്ക് കാഴ്ച ലഭിക്കുന്നു, മുടന്തന്മാർ നടക്കുന്നു... ദരിദ്രർക്ക് സുവിശേഷം പ്രഘോഷിക്കപ്പെടുന്നു'. ചിലപ്പോൾ ഈ അത്ഭുതങ്ങൾ ദൈവത്തിന്റെ അസാധാരണമായ ഇടപെടലുകളാൽ സംഭവിക്കുകയാണെങ്കിൽ, മിക്കപ്പോഴും അവ നമ്മെ, നമ്മുടെ കരുണയോടെയുള്ള ശ്രദ്ധ, വിവേകം, ഉത്തരവാദിത്തം എന്നിവയിലേ

## ബിഷപ്പ് ആന്റണി മാർ സിൽവാനോസ്
## കെ സി ബി സി മീഡിയ കമ്മീഷൻ ചെയർമാൻ



ബിഷപ്പ് ആന്റണി മാർ സിൽവാനോസ്

### വൈസ് ചെയർമാൻമാർ



ബിഷപ്പ് മാർ
റെമിജിയൂസ് ഇഞ്ചനാനിയിൽ



ബിഷപ്പ് റൈറ്റ്. റവ. ഡോ.
അംബ്രോസ് പുത്തൻവീട്ടിൽ

ക്ക് ഏൽപ്പിക്കപ്പെടുന്നു. ഇത് നാം കേട്ട പ്രവചനത്തിന്റെ മറ്റൊരു തലത്തിലേക്ക് നമ്മെ കൊണ്ടുവരുന്നു: എല്ലാ പരിതഃസ്ഥിതിയിലും ഇന്ന് ഞങ്ങൾ പ്രത്യേകിച്ചും ജയിലുകളിൽ ഊന്നിപ്പറയുന്നു. 1975 ലെ ജൂബിലി വർഷത്തിന്റെ സമാപനത്തിൽ വിശുദ്ധ പോൾ ആറാമൻ പാപ്പാ ചൂണ്ടിക്കാട്ടിയതുപോലെ, ജീവകാരുണ്യത്തിൽ അധിഷ്ഠിതമായ ഒരു നാഗരികതയ്ക്ക്, പൊതുജീവിതത്തിന്റെ തലത്തിൽ നാം രൂപം നൽകണം. ചരിത്രത്തിന്റെ കലണ്ടർ നമ്മുടെ മുന്നിൽ തുറക്കുന്ന കൃപയുടെയും സദ്ഭാവനയുടെയും പുതിയ മണിക്കൂറിന്റെ ആരംഭമായ സ്നേഹത്തിന്റെ നാഗരികത!'വിശുദ്ധ വർഷത്തിൽ 'തങ്ങളിലും സമൂഹത്തിലും വിശ്വാസം വീണ്ടെടുക്കാൻ ആളുകളെ സഹായിക്കുന്നതിന് ലക്ഷ്യമിട്ടുള്ള പൊതുമാപ്പ് അല്ലെങ്കിൽ ശിക്ഷകൾ ഒഴിവാക്കൽ നൽകുക' എന്നത് തന്റെ ഔദ്യോഗിക ബൂളയിൽ ചേർത്തുകൊണ്ട്, ,ഫ്രാൻസിസ് പാപ്പാ പ്രത്യാശ പ്രകടിപ്പിച്ചു: എല്ലാവർക്കും പുനരേകീകരണത്തിനുള്ള യഥാർത്ഥ അവസരങ്ങൾ വാഗ്ദാനം ചെയ്യുക. പല രാജ്യങ്ങളിലും അദ്ദേഹത്തിന്റെ ആഗ്രഹം പിന്തുടരുമെന്ന് ഞാൻ വിശ്വസിക്കുന്നു. നമുക്കറിയാവുന്നതുപോലെ, ജൂബിലി അതിന്റെ ബൈബിൾ ഉത്ഭവത്തിൽ കൃത്യമായി കൃപയുടെ ഒരു വർഷമായിരുന്നു. അതിൽ എല്ലാവർക്കും പല തരത്തിൽ, ജീവിതം പുതുതായി ആരംഭിക്കാനുള്ള സാധ്യത വാഗ്ദാനം ചെയ്യപ്പെട്ടു.❍

# ക്രിസ്തീയ കുടുംബങ്ങൾക്കുള്ള സ്നേഹസാന്ത്വന ദൂതുമായി അരനൂറ്റാണ്ട്



**വി സി ജോർജ് കുട്ടി**
പ്രസിഡന്റ് കെ സി എഫ്



സ്നേഹം, സൗമ്യം എന്ന രണ്ടു പദങ്ങൾക്കു പകരം എഴുതിവയ്ക്കാവുന്ന പേരാണ് ഫാ.ജോസ് കോട്ടയിലിന്റേത്. കേരളീയ കുടുംബങ്ങളുടെ സുവിശേഷവത്ക്കരണത്തിനായി എഴുതിയും പ്രസംഗിച്ചും അരനൂറ്റാണ്ട് ജോസച്ചൻ പൂർത്തിയാക്കിക്കഴിഞ്ഞു. പൗരോഹിത്യത്തിന്റെ ഈ ജൂബിലി നിറവിൽ കോട്ടയിലച്ചന്, അച്ചന്റെ ജന്മദേശമായ കുറവിലങ്ങാട് കൈക്കൂപ്പി നന്ദി പറഞ്ഞത് 2025 ഡിസംബർ 26ന്. പാലാ മെത്രാൻ മാർ ജോസഫ് കല്ലറങ്ങാട്ട്, റോമിൽ 5 വർഷക്കാലം തന്റെ സഹപാഠിയായിരുന്ന ജോസച്ചനെ 'നീതിമാനും ഭക്തനു' മെന്നാണ് അനുമോദനച്ചടങ്ങിൽ വിശേഷിപ്പിച്ചത്.

ക്രിസ്തീയ കുടുംബങ്ങൾക്കായി ഇത്രയേറെ ഗ്രന്ഥങ്ങൾ രചിച്ച മറ്റൊരു വൈദികനില്ല–ഒന്നും രണ്ടുമല്ല 34 ഗ്രന്ഥങ്ങൾ അച്ചൻ എഴുതിയിട്ടുണ്ട്. കൃതികളിൽ ഭൂരിഭാഗവും ക്രിസ്തീയ കുടുംബങ്ങൾക്കുള്ള വഴിവിളക്കുകളായി മാറി.

12 വർഷക്കാലം കെ.സി.ബി.സി ഫാമിലി കമ്മീഷന്റെ സെക്രട്ടറിയായിരിക്കെ, പ്രോലൈഫ് പ്രസ്ഥാനത്തിനും മരിയൻ സിങ്കിൾസിനും അച്ചൻ തുടക്കമിട്ടു. പ്രശസ്തവും പൗരാണികവുമായ പകലോമറ്റം കുടുംബത്തിൽ പെട്ട അച്ചന്റെ ഒരു സഹോദരൻ വൈദികനാണ്. മൂന്ന് സഹോദരിമാർ സമർപ്പിതരും. കേരളാ കാത്തലിക് ഫെഡറേഷൻറെ സ്പിരിച്ച്വൽ അഡ്വൈസർ , പകലോമറ്റം കുടുംബയോഗത്തിന്റെ സ്ഥാപക പ്രസിഡണ്ട്, താലന്ത് മാസികയുടെ ചീഫ് എഡിറ്റർ, ഡുവാനീസ കരിസ്മാറ്റിക് പ്രസ്ഥാനത്തിന്റെ സ്പിരിച്വൽ ഡയറ്കടർ, കെ.സി.വൈ.എം. സംസ്ഥാന ഡയറക്ടർ എന്നിങ്ങനെ ജോസച്ചന്റെ നേതൃപാടവത്തിന്റെ തണൽ അനുഭവിച്ച സഭാത്മക



സംഘടനകൾ നിരവധിയുണ്ട്. പാലാ രൂപതയിൽ കരിസ്മാറ്റിക് പ്രസ്ഥാനത്തിന്റെ തുടക്കക്കാരിൽ ഒരാളാണ് ജോസച്ചൻ. അച്ചന്റെ തിരുനാൾ പ്രസംഗങ്ങൾ കേൾക്കാൻ സ്ഥിരമായി പോകുമായിരുന്നുവെന്ന കടുത്തുരുത്തി എം.എൽ.എ. മോൻസ് ജോസഫിന്റെ വാക്കുകൾ ഇവിടെ ഓർമ്മിക്കുന്നു. പാലാ രൂപതയിൽ ജോസച്ചൻ സാരഥ്യം വഹിച്ച സംഘടനകൾ ഇന്നും പല കാര്യങ്ങളിലും ഉപദേശങ്ങൾക്കായി ഈ വന്ദ്യ വൈദികനെ തേടിവരുന്നുണ്ട്. പകലോമറ്റം കുടുംബയോഗങ്ങൾക്ക് രൂപം നൽകുന്നതിലും, ആപൈതൃക സ്മരണകളുടെ ശേഖരണത്തിലും ജോസച്ചൻ പ്രകടിപ്പിച്ച തീക്ഷ്ണത അഭിനന്ദനീയമാണ്. 146 കുടുംബയോഗങ്ങളിലൂടെ 35000-ഓളം പകലോമറ്റം കുടുംബങ്ങളെ കണ്ടെത്താനും ആ കുടിവരവിന് കുടത്തണൽ ഒരുക്കാനും ജോസച്ചൻ ഇന്നും പരിശ്രമിക്കുന്നു. ഈ മഹാ കൂട്ടായ്മയ്ക്കായി ഒരു ഹെഡ്ക്വാർട്ടേഴ്സ് മന്ദിരം തന്നെ അച്ചന്റെ നേതൃത്വത്തിൽ പകലോമറ്റത്ത് നിർമ്മിച്ചുവരികയാണ്. കുറവിലങ്ങാട്ട് തീർത്ഥാടക ദേവാലയത്തിൽ ഇന്നും സാന്ത്വനത്തിനും സമാശ്വാസത്തിനുമെത്തുന്നവർക്ക് ദൈവത്തിന്റെ തുവൽസ്പർശം പകർന്നു നൽകാൻ എഴുപതിയഞ്ച് വയസ്സ് കടന്നിട്ടും കുമ്പസാരക്കൂട്ടിലും കൗൺസലിംഗ് കേന്ദ്രത്തിലുമായി ജോസച്ചൻ അക്ഷീണം ഇപ്പോഴും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഗുഡ്നസ് ടി.വി. ചാനലിൽ വത്തിക്കാനിൽ നിന്നുള്ള പ്രബോധനങ്ങളും മറ്റും പരിചയപ്പെടുത്താൻ ആഴ്ചതോറും ഒരു തുണി സഞ്ചിയും തോളത്ത് തൂക്കി ട്രാൻസ്പോർട്ട് ബസ് കയറിയാത്ര ചെയ്യുവാൻ അച്ചന് യാതൊരു മടിയുമില്ല. ലാളിത്യത്തിന്റെയും വിനയത്തിന്റെയും പൗരോഹിത്യ സാക്ഷ്യമായി ഇന്നും നമ്മെ യേശുവിലേക്ക് നയിക്കുന്ന ഈ പുരോഹിത ശ്രേഷ്ഠന് എല്ലാ സ്നേഹാശംസകളും നേരുന്നു. ❍

# മറഞ്ഞു പോയത്, അശാന്തമായ മനുഷ്യ മനസ്സുകൾ ഓടിയണഞ്ഞിരുന്ന സ്നേഹതീരം



**ബിജു ജോസി**
**ജനറൽ സെക്രട്ടറി, കെ.എൽ.സി.എ**



പ്രക്ഷുബ്ധമായ മനുഷ്യജീവിതങ്ങളുടെ തിരമാലകൾക്ക് ഓടിയണയാൻ കഴിഞ്ഞിരുന്ന ശാന്തതീരം–അതായിരുന്ന ഫാ.പ്രശാന്ത് ഐ.എം.എസ്.

അറക്കലശ്ശേരിൽ റെയ്നോൾഡിന്റെയും (ഉമ്മച്ചൻ) എർണ്ണമ്മയുടെയും രണ്ടാമത്തെ മകനായ ഫാ. പ്രശാന്ത് ഐ.എം.എസിൽ എത്തിച്ചേരുന്നത് വിശുദ്ധ അന്തോണീസിന്റെ തിരുനാൾ ദിനമായ ജൂൺ 13 (1989) നായിരുന്നു. പ്രശാന്തച്ചൻ ഇഹലോകജീവിതം അവസാനിപ്പിച്ച് മടങ്ങാനുള്ള അന്ത്യശുശ്രൂഷകൾ നടന്നതും വിശുദ്ധ അന്തോണീസിനെ സഭ ഭക്തിപൂർവം അനുസ്മരിക്കുന്ന ഒരു ചൊവ്വാഴ്ചയായിരുന്നുവെന്ന് അദ്ഭുതമായി.

ആലപ്പുഴ കളർകോട് പുന്നപ്രയിലുള്ള ഇപ്പോഴത്തെ ഐ.എം.എസ്. ധ്യാനകേന്ദ്രം പണ്ട് ഈ സന്യാസ സഭയുടെ മൈനർ സെമിനാരിയായിരുന്നു. അന്നത്തെ പേര് ഭാരത് റാണി പ്രേഷിത ഭവൻ. തീരദേശ ഗ്രാമങ്ങളിലേക്ക് കടന്നുചെന്ന് ഓരോ ഭവനങ്ങളും സന്ദർശിച്ചുകൊണ്ടുള്ള പ്രശാന്തച്ചന്റെ അജപാലന രീതിയിലൂടെ തകർന്നതും മുറിവേറ്റതുമായ എത്രയോ കുടുംബങ്ങളാണ് രക്ഷപ്പെട്ടത്! പ്രശാന്തച്ചന്റെ മരണശേഷം ഷെക്കിനാ ടിവി ചാനലിൽ, ഈ ആത്മീയാചാര്യനെ ഏറ്റുപറഞ്ഞ പലരുടെയും വാക്കുകൾ, ആ ധ്യാന ഗുരുവിനെക്കുറിച്ചുള്ള ഓർമ്മകൾ പങ്കുവച്ചപ്പോൾ വിതുമ്പലിൽ മുറിഞ്ഞു. അമ്മയുടെ മരണം മൂലം ഇരുട്ടിലായ രണ്ട് പെൺമക്കളെയും ധ്യാനകേന്ദ്രത്തിൽ താമസിപ്പിച്ച് വിവാഹം കഴിപ്പിച്ചു വിട്ട കഥയും ഇതേ ചാനലിലെ അനുഭവ വിവരണങ്ങളിൽ നാം കേൾക്കുന്നു.



ഏതൊരു യാത്രയിലും ജപമാല നിരന്തരം ചൊല്ലിയിരുന്ന പ്രശാന്തച്ചനെക്കുറിച്ച്, ഐ.എം.എസി.ലെ രണ്ട് ഡ്രൈവർമാരും അനുസ്മരിക്കുന്നു.

ലോകമെങ്ങും പോയി യാചിച്ച് പാവങ്ങൾക്കായി അച്ചൻ പടുത്തുയർത്തിയത് മൂന്ന് അനാഥാലയങ്ങൾ. മരിയഭവൻ, മരിയാലയം, മരിയ ധാം എന്നീ പേരുകളിൽ സ്ഥാപിതമായ ഈ അഗതി സംരക്ഷണ കേന്ദ്രങ്ങളിൽ അഭയം തേടിയെത്തിയവരുടെ എണ്ണം പതിനായിരത്തിലേറെയാണ്. വിശന്നുവരുന്നവർക്കായി ഈ കരുണാലയത്തിൽ ഒരു നേരത്തെ ഭക്ഷണം അച്ചൻ എപ്പോഴും ഉറപ്പാക്കിയിരുന്നു.അനാഥർ, വിധവകൾ, ഏകസ്ഥർ, മനോരോഗികൾ തുടങ്ങിയവരെയെല്ലാം കരുതലോടെ ചേർത്തുപിടിച്ച ക്രിസ്തുവിന്റെ അഭിഷിക്തനെയാണ് നമുക്ക് പ്രശാന്തച്ചനിൽ കാണാനാവുക. ഒരു ദിവസം രാവിലെ ധ്യാനകേന്ദ്രത്തിനു മുമ്പിൽ വെറും നിലത്ത് ചാക്ക് ശീലയിൽ കിടത്തിയ ചോരക്കുഞ്ഞിനെ കണ്ടതോടെയാണ് അനാഥാലയം തുടങ്ങാനുള്ള വിളിയാണതെന്ന് പ്രശാന്തച്ചൻ തിരിച്ചറിഞ്ഞത്. ഒരിക്കലും ആരോടും മുഖം കറുത്ത് അച്ചൻ സംസാരിച്ചിട്ടില്ല. ഒരു തവണയെങ്കിലും അച്ചൻറെ സാന്നിധ്യവും സാന്ത്വനവും അനുഭവിച്ചവർ നിറകണ്ണുകളോടെയാണ് അച്ചനെ ഇപ്പോഴും ഓർമ്മിക്കുന്നത്. പാവങ്ങളുടെയും ആശ്രയമില്ലാത്തവരുടെയും ഭവനങ്ങളിലേക്ക് കടന്നുചെന്നുകൊണ്ട് തീരദേശ ഗ്രാമങ്ങളിൽ പ്രശാന്തച്ചൻ നടത്തിയ അജപാലന ശുശ്രൂഷ ദൈവത്തിന് പ്രീതികരമായിരുന്നുവെന്ന് ഇന്നും അവിടെയെത്തുന്ന അനേകായിരങ്ങൾ സാക്ഷ്യം നൽകുന്നു. അതുമതിയല്ലോ, ഒരു പൗരോഹിത്യ ജീവിതം സാഫല്യമടയാൻ...! ❍



# ആത്മീയ സപര്യയിൽ നൂറ് വർഷം



**സി. മോളി ദേവസ്സി  എഫ് എം എം ,**
**പ്രിൻസിപ്പാൾ OLCGHSS Thoppumpady**

കൃതജ്ഞത ഗീതത്തോടെ അവിടത്തെ കവാടങ്ങൾ കടക്കുവിൻ സ്തുതികൾ ആലപിച്ചുകൊണ്ട്    അവിടത്തെ അങ്കണത്തിൽ പ്രവേശിക്കുവിൻ psalm (100:4) അവിടുത്തേക്ക് നന്ദി പറയുവിൻ അവിടുത്തെ നാമം വാഴ്ത്തുവിൻ. ഫ്രാൻസിസ്കൻ മിഷനറീസ് ഓഫ് മേരി സന്യാസിനി സമൂഹം കൃതജ്ഞത ഗീതത്തോടെ  പരിശുദ്ധ അത്ഭുതമാതാവിന്റെ നാമധേയത്തിലുള്ള ഈ ദേവാലയത്തിന്റെ കവാടങ്ങൾ കടക്കുകയാണ്. സ്തുതികൾ ആലപിച്ചുകൊണ്ട് അവിടുത്തെ അങ്കണത്തിൽ പ്രവേശിക്കുകയാണ്. വേറെ ഒന്നിനും അല്ല. അവിടുത്തേക്ക് നന്ദി പറയുവാൻ അവിടത്തെ നാമം വാഴ്ത്തുവാൻ.ചരിത്രസ്മരണകളിൽ പദമൂന്നി കൊണ്ട് ഫ്രാൻസിസ്കൻ മിഷനറീസ് ഓഫ് മേരി സന്യാസിനി സമൂഹം പകലോനെ സാക്ഷി നിർത്തി നൂറിന്റെ നിറവിലേക്കുള്ള പടവുകൾ കയറുമ്പോൾ കൃപയുടെ നീർച്ചാൽ ആയ ഔവർ ലേഡീസ് കോൺവെന്റിന്റെ അരികിൽ നട്ട ഈ തോപ്പുംപടി പ്രദേശത്തെ  മുഴുവൻ ജനങ്ങളെയും ഈ കൃതജ്ഞതാബലിയർപ്പണത്തിൽ നന്ദിയോടെ സ്മരിക്കുന്നു. Do you willing to be crucified instead of me? എനിക്ക് പകരമായി ക്രൂശിക്കപ്പെടാൻ നീ തയ്യാറാണോ എന്ന ഉൾവിളിയുടെ ബാഹ്യ അടയാളമാണ് എങ്ങ സന്യാസിനി സമൂഹത്തിന്റെ സഭാസ്ഥാപക Bl Mary of the passion എന്ന ധീര വനിത. കുരിശിലെ ക്രൂശിതനോടുള്ള അടങ്ങാത്ത, ഒരിക്കലും അസ്തമിക്കാത്ത സ്നേഹത്തിന്റെ ബഹിർസ്പുരണമെന്നോണമാണ് തന്റെ പേരിനോട് കൂടെ പാഷൻ എന്ന പേര്   കൂട്ടിച്ചേർത്തത്. ദൈവികമായ എല്ലാ പ്രവർത്തനങ്ങളോടും മദറിന് ഒടുങ്ങാത്ത പാഷൻ ആയിരുന്നു. ഫ്രാൻസിന്റെ പ്രതാപവും പ്രൗഢിയും വിട്ടു ഉപേക്ഷിച്ച് ഇന്ത്യയിൽ തമിഴ്നാട്ടിൽ എത്തിച്ചേർന്നത് ഏറെ പ്രതിസന്ധിഘട്ടങ്ങൾ തരണം ചെയ്തിട്ടാണ്. 1887 ബെത് ലേഹം എന്നറിയപ്പെടുന്ന ആദ്യത്തെ ഒരു കൊച്ചു ഭവനം ഊട്ടിയിൽ ആരംഭിച്ചത്. ലോകമെമ്പാടും പടർന്നു പന്തലിച്ചു നിൽക്കുന്ന ഈ സന്യാസ സമൂഹത്തിന്റെ വേരുകൾ കേരളത്തിൽ മുളപൊട്ടിയത്. ആദ്യമായി കാട്ടിപ്പറമ്പിലും പിന്നീട് തിരുവനന്തപുരത്തും അതിനുശേഷം 1926–May 31 തോപ്പുംപടിയിലും ആണ്. റോഡ് ഗതാഗതം പരിമിതികൾ നിറഞ്ഞതായിരുന്ന കാലഘട്ടത്തിൽ കാട്ടിപ്പറമ്പിൽ നിന്ന് വള്ളത്തിൽ വന്ന ആറ്     സഹോദരിമാരാണ് തങ്ങളുടെ മിഷൻ പ്രവർത്തനങ്ങൾക്ക് തോപ്പുംപടിയിൽ ആരംഭം കുറിച്ചത്. സ്ത്രീകളുടെയും പെൺകുട്ടികളുടെയും ഉന്നത വിദ്യാഭ്യാസത്തിനും തൊഴിൽ മേഖലക്കും ഊന്നൽ കൊടുത്തുകൊണ്ടായിരുന്നു പ്രവർത്തനങ്ങൾ തയ്യൽ ക്ലാസുകൾ ആരംഭിച്ചപ്പോൾ സ്ത്രീകൾക്ക്  സ്വന്തമായി ഒരു തൊഴിൽ അത്യാവശ്യമാ

ണെന്നും കുടുംബഭദ്രതയ്ക്ക് അത് ഉപകാരപ്പെടും എന്നും ഉറച്ച വിശ്വാസം അവർക്കുണ്ടായിരുന്നു. ഇതിലൂടെ അനേകായിരം കുടുംബങ്ങൾക്ക് സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിച്ചേരാൻ സാധിച്ചിട്ടുണ്ട് എന്നത് കൃതജ്ഞതയോടെ ഓർക്കുന്നു. അത്ഭുത മാതാവിന്റെ പ്രത്യേക സംരക്ഷണയിൽ സമാരംഭിച്ച എല്ലാ പ്രവർത്തനങ്ങളും മുപ്പതും അറുപതും നൂറുമേനിയും ഫലം തന്ന് ഞങ്ങളെ അനുഗ്രഹിച്ച സർവ്വേശ്വരന് നന്ദി പറയുമ്പോൾ Bl Mary of the passion s ന്റെ പ്രവാചക വചനം "ഇത് എന്റെ കരവേലയാണെങ്കിൽ എന്നോട് കൂടി നശിക്കും ദൈവത്തിന്റേതാണെങ്കിൽ അഭംഗുരം തുടരുമെന്നത്" ഇവിടെ സാർത്ഥകമാകപ്പെടുന്നു.

ദൈവസ്നേഹത്തെ ആവോളം പകർന്നു നൽകാൻ ഫ്രാൻസിസ് അസീസിയുടെ ആത്മീയതയിൽ വളരാൻ പരിശുദ്ധ കന്യകാമറിയം തന്റെ ദൈവകുമാരന്റെ വാഹകയും പ്രഘോഷകയുമായി മാറി മറ്റുള്ളവരുടെ കുറവുകൾ നിറവുകൾ ആക്കി മാറ്റാൻ തിടുക്കം കൂട്ടിയത് പോലെ ദിവ്യകാരുണ്യ നാഥനെ ഹൃദയത്തോടെ ചേർത്തുപിടിച്ച് നിത്യ ആരാധനയ്ക്കായി തങ്ങളെ തന്നെ സമർപ്പിക്കാൻ ഈ തോപ്പുംപടിയിൽ കടന്നുവന്ന ആറ് സഹോദരിമാർ ചുള്ളിക്കൽ, ചിറക്കൽ നസ്രത്ത്, സെന്റ് സെബാസ്റ്റ്യൻസ്, ഐലൻഡ്, സാന്തോം, മുണ്ടംവേലി എന്നീ ഇടവകകളിൽ മതബോധന രംഗത്ത് സജീവമായി പ്രവർത്തിച്ചിരുന്നു. സന്യാസ ജീവിതം ആഗ്രഹിച്ച് കടന്നുവരുന്ന അർത്ഥിനികൾക്ക് ചീശശേമലേ ഹൗസായും കോൺവെന്റ് നിലകൊണ്ടു. ജനതകളുടെ ഇടയിൽ അവിടുത്തെ മഹത്വം പ്രഘോഷിക്കാനും ജനപദങ്ങളുടെ ഇടയിൽ അവിടുത്തെ അത്ഭുതപ്രവർത്തികൾ വർണ്ണിക്കുവാനും അനേകായിരങ്ങൾ അവർ ലേഡീസിന്റെ വൃക്ഷത്തണലിൽ അഭയം പ്രാപിച്ച് സ്വന്തമായി കൂട് തേടി പോകാൻ ചിറകുമുളച്ചപ്പോൾ ജീവിതത്തിന്റെ പല മരച്ചില്ലകളിൽ സന്തോഷത്തോടെ സമാധാനപൂർണമായ ജീവിതം നയിക്കുന്നത് കാണുമ്പോൾ ഒരിക്കൽക്കൂടി അനന്തകൃപയുടെ ദാതാവായ ദൈവത്തിന് നന്ദി.ഒരു വർഷം നീളുന്ന ശതാബ്ദി ആഘോഷങ്ങൾക്ക് തിരി തെളിയുമ്പോൾ ഇരുളിൽ പ്രകാശമായ നാഥന്, തളർച്ചയിൽ തളരാത്ത മനസ്സ് തന്ന നാഥന്, ദീർഘവീക്ഷണത്തോടെ കാലത്തിന്റെ വെല്ലുവിളികൾക്ക് പ്രത്യുത്തരം നൽകാൻ സഹായിച്ച ത്രിയേക ദൈവത്തിന്, കരുത്തിന്റെ കരുതലിന്റെ കാവലാളന്മാരായി ഈ സന്യാസ സമൂഹത്തെ ഈ പ്രദേശത്ത് കൊണ്ടുവന്നതിന്, ദൈവിക പദ്ധതി തിരിച്ചറിഞ്ഞ് ഈ നാടിനും നാട്ടുകാർക്കും സഭയ്ക്കും സേവനം ചെയ്യാൻ അനേകം ധീര വനിതകളെ തന്നതിന് ഇവിടെ സേവനമനുഷ്ഠിച്ച് മൺമറിഞ്ഞുപോയ ഞങ്ങളുടെ പ്രിയപ്പെട്ട സഹോദരിമാർ സ്വർഗീയ ഗണങ്ങളോട് ചേർന്ന് നാഥന് നന്ദി അർപ്പിക്കുമ്പോൾ, ഇന്നിന്റെ വഴിത്താരകളിലൂടെ സഞ്ചരിക്കുന്ന സഹോദരിമാർക്ക് വേണ്ടി സ്വർഗ്ഗത്തിൽ ഇരുന്ന് മാധ്യസ്ഥം യാചിക്കുന്നതിന്, എല്ലാറ്റിനും കർത്താവേ അങ്ങേയ്ക്ക് നന്ദി. നല്ലൊരു രൂപതയെയും ഗുരുശ്രേഷ്ഠരേയും പ്രത്യേകിച്ച് ഞങ്ങളുടെ സഹോദരരായ ഫ്രാൻസിസ്കൻ ഫ്രയേഴസിനെയും മറ്റ് അജപാലകരെയും പകലിൽ മേഘസ്തംഭമായും രാത്രിയിൽ ദീപസ്തംഭമായും ഞങ്ങൾക്ക് മുൻപേ വഴി നടന്ന് മാർഗ്ഗദർശനം നൽകിയതിന് ദൈവമേ ഞങ്ങൾ അങ്ങേയ്ക്ക് നന്ദി പറയുന്നു. ദൈവമേ അങ്ങയുടെ വിള ഭൂമിയിലേക്ക് ഇനിയും ധാരാളം വേലക്കാരെ അയക്കണമേ എന്നുള്ള പ്രാർത്ഥനയോടെ ഞങ്ങൾ അങ്ങയുടെ സന്നിധിയിൽ നന്ദി നിറഞ്ഞ ഹൃദയത്തോടെ ആയിരിക്കുന്നു. പ്രവേശന ഗാനത്തോടെ ദിവ്യബലിയർപ്പണത്തിനായി വരുന്ന വൈദിക ശ്രേഷ്ഠരോടൊപ്പം ശതാബ്ദി ആഘോഷത്തിന്റെ ലോഗോ ഔവർ ലേഡിസ് കോൺവെന്റ് സുപ്പീരിയർ സിസ്റ്റർ ആനന്ദി ബലി വേദിയിലേക്ക് കൊണ്ടുവരുന്നു. നമ്മുടെ ഇടവക വികാരി ഫാ.ടോമി ചമ്പക്കാട്ട് ഈ ലോഗോ പ്രകാശനം ചെയ്യും. ഭക്തിനിർഭരമായി നന്ദി നിറഞ്ഞ ഹൃദയത്തോടെ ഈ വിശുദ്ധ ബലിയിൽ നമുക്ക് പങ്കുചേരാം. ❍

# X' MAS
# AT POC












# ആൾക്കൂട്ടത്തിന്റെ കൈകളിൽ 'നവകേരള' തീവെട്ടികളോ?

**ആന്റണി ചടയംമുറി**

**വാർത്ത**


ആൾക്കൂട്ടങ്ങൾക്ക് ആത്മാവില്ല. അതുകൊണ്ടുതന്നെ ആൾക്കൂട്ടങ്ങൾ ഒരു മനുഷ്യനെ ചവിട്ടിമെതിക്കുകയോ അതിക്രൂരമായി അടിച്ചുകൊല്ലുകയോ ചെയ്യുമ്പോൾ, അത്തരം ഹീനമായ ആക്രമണങ്ങളെ പ്രതിരോധിക്കാൻ ഭരണകൂടങ്ങൾ സന്നദ്ധരാകേണ്ടതുണ്ട്. അതുവഴി സമൂഹത്തിൽ ക്രമമുണ്ടാകും; സമാധാനമുണ്ടാകും. കേരളത്തിൽ ഈയിടെയായി കണ്ടുവരുന്ന ആൾക്കൂട്ട ആക്രമണങ്ങൾക്കു പിന്നിൽ വൈകാരികമായ എന്തോ ആവേശത്താൽ പ്രചോദിതരാകുന്ന സംഘങ്ങളെ നാം കണ്ടുമുട്ടുന്നു. സമൂഹത്തിലെ അരികുവൽക്കരിക്കപ്പെടുന്നവരാണ് ഇങ്ങനെ ഏറെയും ആക്രമിക്കപ്പെടുന്നത്. ആദിവാസികൾ, അതിഥിത്തൊഴിലാളികൾ തുടങ്ങിയവരെ പലപ്പോഴും മോഷ്ടാവെന്നു പറഞ്ഞോ, മറ്റ് കാരണങ്ങൾ ചുമത്തിയോ സദാചാര വിചാരണ നടത്തുന്നവരുടെ ലക്ഷ്യം സാമൂഹിക സമാധാനമല്ലെന്ന് നാളുകൾക്കുശേഷം നിയമപാലകർ സാക്ഷ്യപ്പെടുത്താറുണ്ട്. എന്നാൽ, അത്തരം അതിക്രമങ്ങൾ പ്രതിരോധിക്കാവുന്ന 'കാവൽ സംവിധാനം' സമൂഹത്തിന് ഇന്ന് അന്യമാണ്. ഇരയ്ക്കൊപ്പമാണെന്നു പരസ്യമായി പറയുന്നവർ പോലും ആ വിശേഷ പദവിത്തിനു നിരക്കാത്തവിധം പെരുമാറുന്നതിലും നാം സാക്ഷ്യം വഹിക്കുന്നു. അവനവന്റെ മാത്രം സുരക്ഷിതത്വമെന്നൊരു അവസ്ഥ ക്രിസ്തീയമല്ല. കാരണം, മാനവരാശിയുടെ സർവ പാപങ്ങൾക്കും വേണ്ടി മരിച്ചവനാണ് നമ്മുടെ നേതാവ്. തിന്മയുടെ നാമ്പുകൾക്ക് തൽക്കാലം തളിർത്ത് ഇലചൂടി നിൽക്കാൻ കഴിയുമായിരിക്കാം. പക്ഷെ സത്യത്തിന്റെ തീക്ഷണമായ രശ്മികൾ പതിക്കുമ്പോൾ അത്തരം മാനവീയമല്ലാത്ത മുളകൾ കത്തിക്കരിയുക തന്നെ ചെയ്യും.

**ചിന്ത**

ഒരു മനുഷ്യന് എതിരേ നടക്കുന്ന അതിക്രമം മനുഷ്യരാശി മുഴുവന്റെയും ശരീരത്തിനേൽക്കുന്ന മുറിവാണ്. ഓരോ മനുഷ്യനും കൊല്ലപ്പെടുമ്പോൾ മനുഷ്യൻ എന്ന നിലയിൽ നാം ചെറുതാവുകയാണ്


**–ഫ്രാൻസിസ് പാപ്പ ( എല്ലാവരും സഹോദരർ– നമ്പർ 227)**

# KCBC MEDIA AWARD 2025 CEREMONY










VATHICAN THARANGAM
RN 55178/94
Total Pages 40 Date of Publication 31-12-2025




Printed and published by Fr. Jolly Vadakken owned by Vatican Radio office, P.O.C.
Vennala P.O. , Kochi - 682028 and published at Vatican Radio Office,
P.O.C. , Palarivattom, Kochi - 682025, Kerala.Chief Editor: Fr. Sebastian Milton Kalappurakkal.